# റബ്ബർ

ഫെബ്രുവരി 2024 • വാർഷികവരിസംഖ്യ ₹100

- റബ്ബർതടി പരിസ്ഥിതിസൗഹൃദം
- റബ്ബർബോർഡ് @ 75
- പരിശീലനത്തിന്റെ വിജയഗാഥ
- 'ജെൻഡർ ബജറ്റി'ലൂടെ സ്വയംതൊഴിലിലേക്ക്
- 'കൊച്ചുഡോള റാഭോറ്' ഒരു സമ്പൂർണ റബ്ബർഗ്രാമം



## തേൻകാലം വരവായി


CHEERAKUZHY
Wonder Root™
ROOT TRAINER RUBBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuralkose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


06 | തേൻകാലം വരവായി

11 | റബ്ബർതടി പരിസ്ഥിതിസൗഹൃദം

14 | റബ്ബർബോർഡ് @ 75

19 | പരിശീലനത്തിന്റെ വിജയഗാഥ

21 | ജെൻഡർ ബജറ്റിങ്

23 | കൊച്ചുഡോള റാഭപാറ ഒരു സമ്പൂർണ റബ്ബർഗ്രാമം

30 | കൃഷിപ്പണികൾ

32 | കോൾസെന്റർ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ



693

# റബ്ബർ

ഫെബ്രുവരി 2024



**റബ്ബർബോർഡ്**
കോട്ടയം–686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം – 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*




## മാറുന്ന ഭൂമികകൾ

# പുതിയ ഉൾക്കാഴ്ചകൾ

ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നിങ്ങനെ ഭൂമിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് നാം ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് നാളുകളായി. കൃഷി, വ്യാപാരം, വ്യവസായം അങ്ങനെ മനുഷ്യജീവിതത്തിൽ ഒഴിവാക്കാനാകാത്ത സമസ്തമേഖലകളും നിലനിൽപിനായി പുതിയ സമീപനങ്ങൾ കൈക്കൊള്ളേണ്ട സമയമാണ്. എന്നാൽ, ആഗോളവത്ക്കരണത്തെത്തുടർന്ന് പ്രാദേശികമായ ചിന്തകൾക്ക് പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നതിനാൽ രാജ്യാന്തരതലത്തിലുള്ള ശ്രമങ്ങളിലൂടെ മാത്രമേ കാലികമായ വെല്ലുവിളികളെ നേരിടുന്നതിനാവശ്യമായ വികസനതന്ത്രങ്ങൾ മെനയാൻ കഴിയൂ എന്ന അവസ്ഥ സംജാതമായിരിക്കുന്നു.

കൃഷി, വ്യവസായം തുടങ്ങിയവയൊക്കെ പരമ്പരാഗതമായ പ്രദേശങ്ങളിൽനിന്ന് അവയുടെ നടത്തിപ്പിന് യോജിച്ച മറ്റ് ഭൂമികകളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന കാലമാണ്. അത്തരത്തിലുള്ള മാറ്റങ്ങൾ കൂടുതലായി നേരിടേണ്ടിവരുന്ന ഒന്നാണ് റബ്ബർകൃഷിയും അനുബന്ധമേഖലകളും. ഇന്ത്യ അടക്കമുള്ള പ്രകൃതിദത്തറബ്ബറുത്പാദകരാജ്യങ്ങളിലെ കാർഷികമേഖലകളിലെല്ലാം യോജിച്ച കൃഷിയിടങ്ങൾ തേടുന്നതിനും അത്തരം പ്രദേശങ്ങളിലേക്ക് വ്യാപനം നടത്തുന്നതിനുമുള്ള പ്രവണതകൾ കാണാൻ കഴിയും. അതുമായി ബന്ധപ്പെട്ട തന്ത്രപരമായ പുതിയ സമീപനങ്ങൾ കൈക്കൊള്ളുമ്പോൾ അതത് മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരുടെയും താൽപര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. റബ്ബർ മേഖലയിലെ ഉത്പാദകരും ഉപഭോക്താക്കളുമെല്ലാം അടങ്ങുന്ന മൂല്യശൃംഖലയിലെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന ഇന്ത്യാ റബ്ബർ മീറ്റിന് ഫെബ്രുവരി 23, 24 തീയതികളിൽ അസമിലെ ഗുവാഹതിയാണ് വേദിയാകുന്നത്.

'നാച്ചുറൽ റബ്ബർ: ചെയ്ഞ്ചിങ് ലാൻഡ്സ്കേപ്പ്, എമേർജിങ് ട്രെൻഡ്സ് ആന്റ് ഇൻസൈറ്റ്സ് ഫോർ ടുമോറോ' എന്നതാണ് ഇന്ത്യാ റബ്ബർ മീറ്റ് -2024 (ഐ.ആർ. എം- 2024) ന്റെ ഇത്തവണത്തെ വിഷയം. ആഗോളതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും പുതിയ സമീപനങ്ങളെക്കുറിച്ചും ചെറുകിടകർഷകർക്കുള്ള ആശങ്കകൾക്ക് പരിഹാരം കാണാൻ സമ്മേളനത്തിന് കഴിയുമെന്ന് കരുതാം.

- എഡിറ്റർ



# പാരമ്പര്യേതരമേഖലകളിലെ റബ്ബർകൃഷിവ്യാപനം സുസ്ഥിരത ഉറപ്പാക്കും

പ്രകൃതിദത്തറബ്ബറിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരമ്പരാഗത മേഖലയിലെ കുറച്ച് കർഷകരിലെങ്കിലും ആശങ്ക ഉയർത്തിയിട്ടുണ്ട്. എന്നാൽ, കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളമടക്കമുള്ള പരമ്പരാഗതമേഖലകളിലെ റബ്ബർകർഷകരുടെ ആശങ്കകൾ ദൂരീകരിക്കേണ്ടത് റബ്ബർബോർഡിന്റെ ഉത്തരവാദിത്തമാണ്.

പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനത്തിൽ 1947 മുതൽ 1991 വരെയുള്ള കാലയളവിൽ 22 മടങ്ങ് വർധന ഉണ്ടായിട്ടുണ്ട്. എന്നാൽ, 1991 മുതൽ 2023 വരെ ഉത്പാദനം 2.5 മടങ്ങ് വർധിച്ചതായി കാണാം. 1950–51 കാലഘട്ടത്തിൽ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനവും ആവശ്യവും തമ്മിലുള്ള അന്തരം 10.5 ശതമാനമായിരുന്നു. ക്രമേണ അത് 1959–60 കാലഘട്ടമെത്തിയപ്പോൾ 40 ശതമാനമായി വർധിച്ചു. 1960–കളുടെ തുടക്കത്തിൽ ഒരു ഘട്ടത്തിൽ അത് 46.5 ശതമാനം വരെ എത്തിയിരുന്നു.

റബ്ബർബോർഡിന്റെ സജീവമായ പിന്തുണയും കാര്യക്ഷമമായ ഇടപെടലും രാജ്യത്തെ റബ്ബർകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, റബ്ബറിന്റെ ഉത്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരം കുറയ്ക്കുകയും ചെയ്തു. 1970 മുതൽ ആ ദശകത്തിൽ തന്നെ ഏതാനും വർഷത്തേക്ക് ഉപഭോഗത്തേക്കാൾ കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കാനും കഴിഞ്ഞിരുന്നു.

എന്നിരുന്നാലും, ഈ കഴിഞ്ഞ ദശകത്തിൽ പ്രകൃതിദത്തറബ്ബറിന്റെ വർധിച്ച ആവശ്യം കാരണം ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വിടവ് വീണ്ടും 33 ശതമാനത്തിൽ നിന്ന് 38 ശതമാനമായി വർധിച്ചു. മറുവശത്ത്, പുതുകൃഷിക്ക് സാധ്യമായ ഭൂമിയുടെ ലഭ്യത കേരളത്തിൽ കുറയുകയും ചെയ്തു. പരമ്പരാഗതമേഖലകളിലെയും പാരമ്പര്യേതരമേഖലകളിലെയും റബ്ബർകൃഷിവിസ്തൃതിയുടെ അനുപാതം 1950–കളിൽ 98:2 ആയിരുന്നു. ഏതാണ്ട് 1990 വരെ ഇതേ അനുപാതത്തിൽ ചെറിയ വ്യതാസങ്ങളോടെ തുടർന്നുകൊണ്ടിരുന്നു. ഈ അനുപാതം പാരമ്പര്യേതര മേഖലയ്ക്ക് അനുകൂലമായ സ്ഥിതി സംജാതമാക്കി. ഇന്ന് ആ അനുപാതം 67:33 എന്ന നിലയിലാണ്. പാരമ്പര്യേതരപ്രദേശങ്ങളിൽ റബ്ബർ വ്യാപകമാകുന്നതിനാൽ വരും വർഷങ്ങളിൽ ഈ അനുപാതം വീണ്ടും മാറും.

2024–25–ൽ ആർബിഐ കണക്കാക്കിയ ഏഴ് ശതമാനം ജിഡിപി വളർച്ചാനിരക്ക് രാജ്യത്തെ പ്രകൃതിദത്തറബ്ബറുപഭോഗത്തിൽ നല്ല സ്വാധീനം ചെലുത്തുമെന്നാണ് പ്രതീക്ഷ. ഇത് വീണ്ടും രാജ്യത്ത് പ്രകൃതിദത്തറബ്ബറിന്റെ കമ്മി വർദ്ധിപ്പിക്കും. ഉയർന്ന വിളവ് നൽകുന്ന നടീലിനങ്ങൾ ഉപയോഗിക്കുന്നതിനോടൊപ്പം മെച്ചപ്പെട്ട കാർഷികസമ്പ്രദായങ്ങൾ കൂടി നടപ്പാക്കിയാൽ മാത്രമേ പാരമ്പര്യേതരപ്രദേശങ്ങളിലെ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ. എന്നാൽ, ടയറുകളുടെ റേഡിയലൈസേഷനും ടയറിതരവ്യവസായങ്ങളുടെ സമീപവർഷങ്ങളിലെ മികച്ച പ്രകടനവും പ്രകൃതിദത്തറബ്ബറിന്റെ ആവശ്യം വർദ്ധിപ്പിക്കുക തന്നെ ചെയ്യും.

പരമ്പരാഗതമേഖലകളിലെ റബ്ബർകർഷകർക്കുള്ള ആനുകൂല്യങ്ങൾ റബ്ബർബോർഡ് തുടർന്നുകൊണ്ടാണിരിക്കുന്നത്. വടക്കുകിഴക്കൻസംസ്ഥാനങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നത് പരമ്പരാഗതമേഖലകളിലെ റബ്ബർകൃഷിയെ ഒരു തരത്തിലും ബാധിക്കില്ല. മാത്രമല്ല, ഉത്പാദനം കൂടുന്നതോടെ ഇറക്കുമതി കുറയുകയും 'ആത്മനിർഭർ ഭാരത്' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വഴിയൊരുക്കുകയും ചെയ്യും. ആഭ്യന്തരവിപണിയിൽ റബ്ബറിന്റെ ആവശ്യകത കൂടിവരുന്നതുകൊണ്ട് പാരമ്പര്യേതരമേഖലകളിൽ റബ്ബർവ്യാപനം ഒരു മത്സരമല്ല, മറിച്ച് കേരളം അടക്കമുള്ള പ്രദേശങ്ങളിലെ റബ്ബർകൃഷിയെ സുസ്ഥിരമാക്കുമെന്നത് തീർച്ചയാണ്.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്





ഡോ. സാജൻ ജോസ് തെക്കേടത്ത്

# റബ്ബർതോട്ടങ്ങളിൽ തേൻകാലം വരവായി

**റബ്ബറിൽ ഡിസംബർ-ജനുവരി മാസങ്ങളിലെ സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം തളിരിടുന്ന സമയത്താണ് തേൻ ലഭിക്കുന്നത്. ഇലത്തണ്ടിലെ മുന്നുദളങ്ങൾ ചേരുന്ന ഭാഗത്ത് കാണപ്പെടുന്ന തേൻഗ്രന്ഥികളിലൂടെ ഊറിവരുന്ന മധുവാണ് തേനീച്ചകൾ ശേഖരിച്ച് തേനാക്കി മാറ്റി കൂട്ടിൽ സംഭരിക്കുന്നത്. റബ്ബർമരങ്ങളിൽ തേൻ ആകുമ്പോഴേക്കും തേനീച്ചക്കൂടുകളും തയ്യാറായിരിക്കണം. പ്രകൃതിയിലെ മധുസ്രോതസ്സിനെ പരമാവധി പ്രയോജനപ്പെടുത്തി തേനാക്കി സംഭരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കണം എന്ന് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

നമ്മുടെ സംസ്ഥാനം തേനീച്ചവളർത്തലിന് ഏറെ യോജിച്ച ഭൂപ്രദേശമാണ്. ഒട്ടനവധി ഇനം തേനീച്ചകൾ നമ്മുടെ പ്രദേശത്തുണ്ട്. വ്യാവസായികമായി തേൻ ഉത്പാദിപ്പിക്കാൻ കർഷകർ വളർത്തുന്നത് ഞൊടിയൽ *(Apis cerana Indica)* തേനീച്ചകളെയാണ്. സമീപകാലത്ത് പലരും ചെറുതേനീച്ചകളെയും *(Trigona iridipennis)* വളർത്തുന്നുണ്ട്. കാര്യമായ മുതൽമുടക്കില്ലാതെ വീട്ടാവശ്യത്തിനുവേണ്ട തേൻ ഉത്പാദിപ്പിക്കാൻ ഏതാനും ചെറുതേനീച്ചക്കൂടുകൾ മതിയാകും. ഇവയുടെ തേൻ രുചിയിലും ഔഷധഗുണത്തിലും മികച്ചതാണ്. 'കുത്താത്ത' തേനീച്ചകൾ (Stingless Bees) ആയതിനാൽ ആർക്കും ഇവയെ അനായാസം കൈകാര്യം ചെയ്യാം എന്ന മെച്ചവുമുണ്ട്.

തേനീച്ചകൾ ഓരോവർഷവും ക്ഷാമകാലം (dearth period), വളർച്ചാകാലം (growth period), തേനൊഴുക്കു



റബ്ബർതോട്ടത്തിൽ സ്ഥാപിച്ചിരിക്കുന്ന ഞൊടിയൽ തേനീച്ചക്കോളനികൾ



ചെറുതേനീച്ചക്കോളനി വിഭജിക്കുന്നതിന്റെ ദൃശ്യം

കാലം (honey flow season) എന്നിങ്ങനെ മൂന്നു കാലങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. സാധാരണഗതിയിൽ ഒരു വർഷത്തിലെ പന്ത്രണ്ടുമാസങ്ങളിൽ നാലുമാസത്തോളം (മെയ് 15 മുതൽ സെപ്റ്റംബർ 15 വരെ) ക്ഷാമകാലവും സെപ്റ്റംബർ മുതൽ ജനുവരി പകുതി വരെ വളർച്ചാകാലവും ശേഷംകാലം തേൻ ഒഴുക്കുകാലവും ആയിരിക്കും.

## വളർച്ചാകാലപരിചരണം ഞൊടിയൽ തേനീച്ചയിൽ

ഒക്ടോബർ മുതൽ പ്രകൃതിയിൽ മധുവും പൂമ്പൊടിയും ലഭ്യമായി തുടങ്ങും. റാണിയീച്ച കൂടുതൽ മുട്ടകളിടുകയും അവ വിരിഞ്ഞ് കൂട്ടിൽ ഈച്ച പെരുകുകയും ചെയ്യും. ഈ അവസരത്തിൽ മെഴുകുപുഴുവിന്റെ ആക്രമണത്തിൽ നശിച്ചതും പൂപ്പൽ ബാധിച്ചതും കറുത്തതുമായ അടകൾ ഓരോന്നായി നീക്കംചെയ്ത് പുതിയ അടകൾ നിർമിക്കാൻ സാഹചര്യം ഒരുക്കേണ്ടതുണ്ട്. ക്ഷാമകാലത്ത് നൽകിത്തുടങ്ങിയ കൃത്രിമാഹാരം തുടർന്നും നൽകേണ്ടതാണ്. ഈ ഘട്ടത്തിൽ അടനിർമാണത്തിന് സഹായിക്കുന്ന കൃത്രിമ അടിസ്ഥാനങ്ങൾ (comb foundation sheet) വെച്ചു കൊടുത്ത് അടനിർമാണം ത്വരിതപ്പെടുത്താവുന്നതാണ്. പുതുതായി നിർമിച്ച അടകളിൽ റാണിയീച്ച ധാരാളം മുട്ടകളിടുകയും അവ വിരിഞ്ഞ് ധാരാളം ഈച്ചകൾ കൂട്ടിൽ ഉണ്ടാകുകയും ചെയ്യും. ഈച്ചകൾ പെരുകി കൂടുനിറഞ്ഞാൽ ചില കൂടുകളിൽ കോളനി പിരിയലിനുള്ള പ്രവണത ഉണ്ടാകുന്നു. ഇത് തടയാനുള്ള നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്.

വളർച്ചാകാലത്ത് തേനീച്ചക്കൂടുകൾ വിഭജനത്തിനും തയ്യാറാക്കണം. കൂട്ടിൽ ഈച്ചകൾ പെരുകിനിറഞ്ഞാൽ ധാരാളം ആണീച്ചകളും ഉണ്ടാകും. ഈ അവസരത്തിൽ വേലക്കാരി ഈച്ചകൾ റാണി അറകൾ നിർമിച്ച് പുതിയൊരു റാണിയെ വളർത്തിയെടുക്കുന്നു. ഇവ വിരിഞ്ഞിറങ്ങാൻ 15-ദിവസം വേണ്ടിവരും. ഈ അവസരത്തിൽ പുതിയ റാണിയെ പ്രയോജനപ്പെടുത്തി കൂട് വിഭജിച്ച് പുതിയൊരു കോളനി ഉണ്ടാക്കിയെടുക്കാം. വാണിജ്യാടിസ്ഥാനത്തിൽ തേനീച്ചകളെ വളർത്തുന്നവർ കൃത്രിമമായി റാണിയെ ഉത്പാദിപ്പിച്ചാണ് തേനീച്ചക്കൂടുകളുടെ വിഭജനത്തിനായി പ്രയോജനപ്പെടുത്തുന്നത്. തേനീച്ചക്കൂടുകളിലെ പഴയ റാണിയെ പുതുക്കാനും (requeening) ഇത്തരം റാണിമുട്ടകൾ പ്രയോജനപ്പെടുത്താം.

## വളർച്ചാകാലപരിചരണം ചെറുതേനീച്ചയിൽ

ചെറുതേനീച്ചക്കൂടുകളെ സംബന്ധിച്ചിടത്തോളം മിക്കവാറും പ്രത്യേക പരിചരണമുറകളൊന്നും പാലിക്കാറില്ല. എന്നാൽ, അവശ്യം വേണ്ട ശ്രദ്ധ നൽകിയാൽ ഇവയിൽ നിന്നും മികച്ച ആദായം ലഭിക്കും. വളർച്ചാകാലത്താണ് പ്രകൃതിയിൽ കാണുന്ന ചെറുതേനീച്ചക്കൂടുകളെ വളർത്തുന്നതിനുവേണ്ടിയുള്ള കൂട്ടിലാക്കേണ്ടത്. അതുപോലെ കൈവശമുള്ള ചെറുതേനീച്ചക്കൂടുകളുടെ വിഭജനവും ഈ സമയത്ത് നടത്താം. വളർച്ചാകാലത്ത് ചെറുതേനീച്ചക്കൂടുകളിൽ ധാരാളം റാണിമുട്ടകൾ ഉണ്ടാകും. ഈ മുട്ടകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി കൂടുകൾ വിഭജിച്ച് കോളനികളുടെ എണ്ണം വർധിപ്പിക്കേണ്ടതാണ്.

## തേൻകാലം ഞൊടിയൽ തേനീച്ചയിൽ

ജനുവരി പകുതിയോടെ കേരളത്തിൽ തേൻകാലം ആരംഭിക്കും. നമ്മുടെ പ്രധാന തേൻസ്രോതസ്സ് റബ്ബറാണ്. ഡിസംബർ-ജനുവരി മാസങ്ങളിലെ ഇലകൊഴിച്ചിലിനുശേഷം തളിരിടുന്ന റബ്ബർമരങ്ങളിലെ ഇലത്തണ്ടിലെ മൂന്നുദളങ്ങൾ ചേരുന്ന ഭാഗത്ത് കാണപ്പെടുന്ന തേൻഗ്രന്ഥികളിലൂടെ ഊറിവരുന്ന മധുവാണ് തേനീച്ചകൾ ശേഖരിച്ച് തേനാക്കി മാറ്റി കൂട്ടിൽ സംഭരിക്കുന്നത്. റബ്ബർമരങ്ങളിൽ തേൻ ആകുമ്പോഴേക്കും തേനീച്ചക്കൂടുകളും തയ്യാറായിരിക്കണം. എങ്കിൽ മാത്രമേ പ്രകൃതിയിലെ മധുസ്രോതസ്സിനെ പരമാവധി പ്രയോജനപ്പെടുത്തി തേനാക്കി സംഭരിക്കാൻ കഴിയൂ. അതിനായി കൂട്ടിൽ പരമാവധി എണ്ണം ഊർജസ്വലരായ വേലക്കാരി ഈച്ചകളും പുതിയ റാണിയും അടിത്തട്ടിൽ മുഴുവൻ പുതിയ അടകളും ആയിരിക്കണം. കോളനിയുടെ വളർച്ചയ്ക്ക് അനുസൃതമായി ജനുവരി ആദ്യവാരം മുതൽ മേൽത്തട്ട് സ്ഥാപിച്ചുതുടങ്ങാം. അടിത്തട്ടിൽ നിന്ന് മുട്ട ഇല്ലാത്ത അടകൾ മുറിച്ചെടുത്ത് മേൽത്തട്ടിൽ കെട്ടിക്കൊടുക്കുകയോ അടനിർമാണത്തിന് സഹായിക്കുന്ന കൃത്രിമ അടിസ്ഥാനങ്ങൾ (comb foundation sheet) വച്ചുകൊടുക്കയോ ചെയ്യേണ്ടതാണ്. ഏതെങ്കിലും കോളനികൾ ദുർബലമായവ ഉണ്ടെങ്കിൽ അവയെ സംയോജിപ്പിച്ച് കോളനിയെ



ഞൊടിയൻ തേനീച്ചക്കോളനി



ചെറുതേനീച്ചക്കോളനി

ശക്തിപ്പെടുത്തേണ്ടതാണ്. ഇക്കാലത്ത് കൂടുകളിൽ കോളനിപിരിയൽ പ്രവണത അധികമായിരിക്കും. അതിനാൽ എല്ലാ ആഴ്ചയിലും അടിത്തട്ട് പരിശോധിച്ച് റാണി സെല്ലുകൾ നശിപ്പിക്കേണ്ടതാണ്. റാണിക്ക് യഥേഷ്ടം മുട്ടയിടാൻ വേണ്ട സ്ഥലസൗകര്യം അടിയറയിൽ ഉണ്ടെന്ന് ഉറപ്പാക്കണം. ഈച്ചകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് രണ്ടാമത്തെ തേനറയും വെയ്ക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ രണ്ടാമത്തെ തേനറ മുട്ട അറയ്ക്ക് തൊട്ടുമുകളിലും ആദ്യ തേനറയെ ഏറ്റവും മുകളിലായും വയ്ക്കണം.

തേനും പൂമ്പൊടിയും ധാരാളമുള്ളപ്പോൾ റാണിയീച്ച ധാരാളം മുട്ടകളിടും. ചില അവസരങ്ങളിൽ അവ തേനറയിലും കയറി മുട്ടയിടാറുണ്ട്. ഇങ്ങനെ റാണിയീച്ച തേനറയിലേക്ക് കടക്കാതിരിക്കാൻ അടിത്തട്ടിനു മുകളിൽ ഒരു റാണി ബഹിഷ്ക്കരണി (queen excluder) സ്ഥാപിക്കണം.

തേനീച്ചകൾ മേൽത്തട്ടുകളിൽ തേൻ നിറച്ച് അത് മെഴുകുപയോഗിച്ച് അടച്ച് ഭദ്രമാക്കും. ഇപ്രകാരം അടച്ചുവച്ച തേനടകൾ പുറത്തെടുത്തശേഷം ഒരു കത്തികൊണ്ട് മെഴുകടപ്പ് ചെത്തിമാറ്റി എക്സ്ട്രാക്റ്ററിൽ വച്ച് കറക്കി തേൻ ശേഖരിക്കാം. മേൽത്തട്ടുകളിലെ തേൻ മാത്രമേ ഇപ്രകാരം എടുക്കാവൂ. തേൻ എടുത്തശേഷം അടകൾ തിരികെ കൂട്ടിൽ വെയ്ക്കേണ്ടതാണ്. സീസൺ മികച്ചതാണെങ്കിൽ ഏപ്രിൽ അവസാനം വരെ ഏഴുദിവസം ഇടവിട്ട് ഇപ്രകാരം തേൻ എടുക്കാൻ കഴിയും.

കേരളത്തിലെ റബ്ബർമേഖലയിൽ തേൻലഭ്യത ജനുവരി മുതൽ ഏപ്രിൽ വരെയാണ്. കേരളത്തിൽ ഏറ്റവുമധികം തേൻ ലഭിക്കുന്നത് റബ്ബറിൽനിന്നാണ്. ഹൈറേഞ്ച് മേഖലയിൽ തേൻ ലഭിക്കുന്ന കാലത്തിൽ ചെറിയ വ്യത്യാസമുണ്ടാകും. ഇതും കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

റബ്ബറിൽനിന്നുള്ള തേൻ തീർന്നാൽ തേൻ ലഭ്യമായ മറ്റു സ്രോതസ്സുകളുള്ള പ്രദേശത്തേക്ക് കൂടുകൾ മാറ്റി സ്ഥാപിച്ച് കൂടുതൽ തേൻ ശേഖരിക്കാൻ കഴിയും. ഇതിന് 'മൈഗ്രേറ്ററി ബീ കീപ്പിങ്' (migratory bee-keeping) എന്നുപറയും. ഇതുവഴി കൂടുതൽ തേൻ ലഭിക്കുമെന്ന് മാത്രമല്ല, തേനീച്ചക്കോളനികൾ കൂടുതൽ കരുത്തുള്ളവയായിരിക്കുകയും ചെയ്യും. അതിലുപരി കൃത്രിമാഹാരം നൽകാൻ വേണ്ടിവരുന്ന ഭാരിച്ച ചെലവും കുറയ്ക്കാം. വ്യാവസായികാടിസ്ഥാനത്തിൽ തേനീച്ചകളെ വളർത്തുന്ന കർഷകർ കൂടുകൾ ഇതരസംസ്ഥാനങ്ങളിലേക്കും മാറ്റി സ്ഥാപിക്കാറുണ്ട്.

## തേൻകാലം ചെറുതേനീച്ചയിൽ

ചെറുതേനീച്ചക്കൂടുകളിൽനിന്ന് വർഷത്തിൽ ഒരിക്കൽ മാത്രമാണ് തേൻ ശേഖരിക്കുന്നത്. മാർച്ച് അവസാനം അഥവാ ഏപ്രിൽ ആദ്യം തേൻ എടുക്കണം. തേൻ കൂടുകൾ തുറന്ന് റാണിയുടെ സുരക്ഷിതത്വം ഉറപ്പാക്കി വേണം തേൻ എടുക്കാൻ. കലം, മുളങ്കുറ്റി മുതലായവയിൽ നിന്ന് കത്തികൊണ്ട് തേൻപാളികൾ മുറിച്ചെടുക്കാം. ഇപ്രകാരം ശേഖരിച്ച തേൻ ഒരുകാരണവശാലും പിഴിഞ്ഞെടുക്കരുത്. ഒരു സ്റ്റീൽ പാത്രത്തിന് മുകളിൽ ഇഴയകലമുള്ള തോർത്ത് വലിച്ചുകെട്ടി, തേൻകട്ടകൾ അതിൽ നിക്ഷേപിക്കുക. തോർത്തിലൂടെ താഴെ പാത്രത്തിലേക്ക് ഊറിവരുന്ന തേൻവേണം ശേഖരിക്കാൻ.

## പ്രതിസന്ധികൾ

തേനീച്ചകളെ വളർത്തുന്ന കർഷകർ ഇന്ന് വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. കാലാവസ്ഥയിലുണ്ടാവുന്ന വ്യതിയാനം തേനീച്ചവളർത്തലിന് വിനയാകുന്നുണ്ട്. തേനീച്ചകൾക്കുണ്ടാകുന്ന രോഗബാധയും ഉത്പാദിപ്പിക്കുന്ന തേനിന് മികച്ച വില ലഭ്യമാകാത്തതും കർഷകരെ ദുരിതത്തിലാക്കുന്നു. എല്ലാറ്റിലുമുപരി തേനിലെ ജലാംശത്തിന്റെ അളവ് 25 ശതമാനം ആയിരിക്കണമെന്ന ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിലവിലുണ്ടായിരുന്ന നിബന്ധന പുതുക്കി ജലാംശം 20 ശതമാനത്തിൽ കുറവായിരിക്കണം എന്ന് ആക്കിയതും തേൻ സംസ്കരണത്തിനായി കേരളത്തിലെ കർഷകർക്ക് അധികച്ചെലവുണ്ടാക്കുന്നു.

*(മൂലമറ്റം സെന്റ് ജോസഫ്സ് കോളജിലെ മുൻ അധ്യാപകനും കാഞ്ഞാറിലുള്ള റീഗൽ ബീ ഗാർഡൻസ് ബീ കീപ്പിങ് ട്രെയിനിങ് സെന്ററിന്റെ ഡയറക്ടറുമാണ് ലേഖകൻ.)*

ഡോ. സാജൻ ജോസിന്റെ ഫോൺ നമ്പർ - 9446131290

# ഇന്ത്യാ റബ്ബർമീറ്റ്: അനുപ്രിയ പട്ടേൽ ഗുവഹതിയിൽ ഉദ്ഘാടനം ചെയ്യും

INDIA RUBBER MEET 2024
GUWAHATI, ASSAM, INDIA. 23&24 FEBRUARY 2024



അനുപ്രിയ പട്ടേൽ

റബ്ബർബോർഡും റബ്ബർമേഖലയിലെ പ്രമുഖസംഘടനകളും സംയുക്തമായി സംഘടിപ്പിക്കുന്ന ഇന്ത്യാ റബ്ബർ മീറ്റ് 2024 ഫെബ്രുവരി 23-ന് ഗുവഹതിയിൽ വെച്ച് കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പ് സഹമന്ത്രി അനുപ്രിയ പട്ടേൽ ഉദ്ഘാടനം ചെയ്യും. രണ്ടുദിവസത്തെ സമ്മേളനപരിപാടികൾ ഫെബ്രുവരി 23, 24 തീയതികളിൽ നടക്കും. ഉദ്ഘാടനച്ചടങ്ങിൽ ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ആത്മ) ചെയർമാൻ അൻഷുമാൻ സിംഘാനിയ വിശിഷ്ടാതിഥിയായിരിക്കും.

റബ്ബർമേഖലയെ പ്രതിനിധാനം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന സമ്മേളനങ്ങളിൽ ഏഴാമത്തേതാണ് ഇത്. കർഷകർ, വ്യാപാരികൾ, ഉത്പന്ന നിർമാതാക്കൾ, നയരൂപവക്താക്കൾ, കാർഷികോദ്യോഗസ്ഥർ, സാമ്പത്തികവിദഗ്ദ്ധർ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ റബ്ബർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരുടെയും പങ്കാളിത്തത്തോടെയാണ് സമ്മേളനം നടത്തുന്നത്. റബ്ബർമേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും യോജിച്ച നടപടികൾ കണ്ടെത്തുന്നതിനും സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് അവസരമുണ്ടാകും. വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയവും ബന്ധവും കൂടുതൽ മെച്ചപ്പെടുത്താനും കൂടുതൽ ബിസിനസ്സ് അവസരങ്ങൾ ഉണ്ടാക്കാനും റബ്ബർസമ്മേളനം സഹായിക്കും. റബ്ബർബോർഡിനെയും റബ്ബർമേഖലയിലെ പ്രമുഖ സംഘടനകളെയും അംഗങ്ങളാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യാ റബ്ബർ മീറ്റ് ഫോറം (ഐ.ആർ.എം.എഫ്.) എന്ന സൊസൈറ്റി ആണ് മീറ്റ് സംഘടിപ്പിക്കുന്നത്. മീറ്റിൽ പങ്കെടുക്കുന്നതിന് http://indiarubbermeet.in/online-registration എന്ന ഓൺലൈൻ ലിങ്കിലൂടെ നേരിട്ട് രജിസ്റ്റർ ചെയ്യാം.



അൻഷുമാൻ സിംഘാനിയ

'നാച്ചുറൽ റബ്ബർ-ചെയ്ഞ്ചിങ് ലാൻഡ്സ്കേപ്, എമേർജിങ് ട്രെന്റ്സ് ആന്റ് ഇൻസൈറ്റ്സ് ഫോർ ടുമോറൊ' എന്നതായിരിക്കും ഐ.ആർ.എം. 2024-ന്റെ വിഷയം. റബ്ബർമേഖലയുടെ ഉജ്ജീവനത്തിന് സഹായകമായ നൂതനമാർഗങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടും. റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന വിദഗ്ധരായിരിക്കും സംസാരിക്കുക. വിദഗ്ധർ നയിക്കുന്ന പാനൽ ചർച്ചകളും ഉണ്ടായിരിക്കും.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ചെയർമാനായി ദേശീയതലത്തിൽ രൂപവത്കരിച്ചിട്ടുള്ള ഓർഗനൈസിങ് കമ്മിറ്റിയാണ് ഐ.ആർ.എം. 2024-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ചെറുകിട, വൻകിട കർഷകപ്രതിനിധികൾ; റബ്ബർസംസ്കരണമേഖലയുടെയും വ്യാപാരമേഖലയുടെയും പ്രതിനിധികൾ; ടയർ, ടയറിതര മേഖലകളുടെ പ്രതിനിധികൾ; ആട്ടോ കംപോണന്റ് നിർമാതാക്കൾ; കയറ്റുമതിരംഗത്തുള്ളവർ; ഗവേഷണ, നൈപുണ്യ വികസനസ്ഥാപനങ്ങളിൽ നിന്നുള്ളവർ; റബ്ബറുമായി ബന്ധപ്പെട്ട മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം കമ്മിറ്റിയിൽ അംഗങ്ങളാണ്. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 500 പ്രതിനിധികൾ ഐ.ആർ.എം. 2024-ൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. •

# റബ്ബർകർഷകർക്ക് പുകപ്പുരകളും ഡിഷുകളും വിതരണം ചെയ്തു



ബ്രിഡ്ജ് സ്റ്റോൺ കമ്പനി യുടെ സി.എസ്. ആർ. ഫണ്ട് ഉപയോഗിച്ച് 'സോളിഡാരിഡാഡ്' (Solidaridad) എന്ന സംഘടന നടത്തി വരുന്ന സാമൂഹികസേവന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ റബ്ബർബോർഡിന്റെ തൊടുപുഴ റീജിയണൽ ഓഫീസ് പരിധിയിലുള്ള പതിപ്പള്ളി ട്രൈബൽ റബ്ബറുത്പാദകസംഘത്തിലെ കർഷകർക്ക് പുകപ്പുരകളും റബ്ബർ പാൽ സംസ്കരിക്കുന്നതിനുള്ള ഡിഷുകളും വിതരണം ചെയ്തു. പതിപ്പള്ളി ട്രൈബൽ റബ്ബറുത്പാദകസംഘത്തിൽ വെച്ച് നടത്തിയ യോഗത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പുകപ്പുരകളുടെ താക്കോൽദാനവും ഉദ്ഘാടനവും നടത്തി. കർഷകർ തങ്ങളുടെ ഉത്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും തന്മൂലം കർഷകർക്ക് ലഭിക്കാവുന്ന അധിക വരുമാനത്തെക്കുറിച്ചും അദ്ദേഹം കർഷകരെ ഉദ്ബോധിപ്പിച്ചു.





റബ്ബറുത്പാദകസംഘം പ്രസിഡന്റ് ബിജു പി.ഐ. ആണ് യോഗത്തിൽ അധ്യക്ഷത വഹിച്ചത്. ഡോ. ജേക്കബ് മാത്യു (റബ്ബർ എക്സ്പേർട്ട്, സോളിഡാരിഡാഡ്) സ്വാഗതം ആശംസിച്ചു. ശ്രീരാഗ് പി.പി. (പ്രോഗ്രാം മാനേജർ, സോളിഡാരിഡാഡ്) പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. മോനിക്ക ഖന്ന (കൺട്രി മാനേജർ, സോളിഡാരിഡാഡ്) മുഖ്യപ്രഭാഷണവും റബ്ബർപാൽ സംസ്കരിക്കുന്നതിനുള്ള ഡിഷുകളുടെ വിതരണവും നടത്തി. പദ്ധതിക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് വേലുക്കുട്ടൻ പി.എ. (പഞ്ചായത്തംഗം, അറക്കുളം ഗ്രാമപ്പഞ്ചായത്ത്), നൂർജഹാൻ പി.കെ. (ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ്, റബ്ബർബോർഡ് റീജിയണൽ ഓഫീസ്, തൊടുപുഴ) എന്നിവർ സംസാരിച്ചു. ജിയേഷ് സി.എസ്. കൃതജ്ഞത പറഞ്ഞു. ഷൈലമ്മ ജോസഫ് (ഫീൽഡ് ഓഫീസർ, റബ്ബർബോർഡ്) യോഗത്തിൽ പങ്കെടുത്തു. യോഗാനന്തരം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സോളിഡാരിഡാഡ് ടീമംഗങ്ങൾ ഗുണഭോക്താക്കളായ കർഷകരുടെ റബ്ബർതോട്ടങ്ങൾ സന്ദർശിച്ചു.

സോളിഡാരിഡാഡിന്റെ ഉന്നതി (UNNATI) സുസ്ഥിര റബ്ബർകൃഷി പരിപോഷണപദ്ധതിയുടെ ഭാഗമായി റബ്ബർകർഷക ഗ്രൂപ്പുകൾ രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കിയത്. 80 റബ്ബർഷീറ്റുകൾ ഉണക്കിയെടുക്കാൻ പറ്റുന്ന പുകപ്പുരയും ആവശ്യമായ ഡിഷുകളുമാണ് അഞ്ച് കർഷകർ വീതമുള്ള ഗ്രൂപ്പുകൾക്കായി വിതരണം ചെയ്തത്.

തയ്യാറാക്കിയത് :
നൂർജഹാൻ പി.കെ., ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്)







റ്റോംസൺ ഫ്രാൻസിസ് കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഉമാശങ്കർ ജി.
ഫാക്ടറി മാനേജർ

# റബ്ബർതടി പരിസ്ഥിതിസൗഹൃദം

**റബ്ബർതടി സംസ്കരിച്ച് ഉപയോഗിച്ചാൽ മറ്റേതൊരു തടിയോടും കിടപിടിക്കത്തക്ക ഗുണമേന്മയുള്ളതായി മാറും. റബ്ബർതോട്ടങ്ങളിൽ ആവർത്തനക്കൃഷി ചെയ്യുമ്പോൾ മുറിച്ചു മാറ്റപ്പെടുന്ന റബ്ബർമരങ്ങളിൽ ഏകദേശം പത്തുശതമാനം മാത്രമേ ഇപ്പോൾ സംസ്കരിച്ച് ഫർണിച്ചർ നിർമാണത്തിനായി ഉപയോഗിക്കുന്നുള്ളു. സംസ്കരിച്ച റബ്ബർതടി കൂടുതലായി ഉപയോഗിക്കുന്നത് വനനാശനം കുറയ്ക്കുന്നതിന് ഉപകരിക്കും. റബ്ബർതടിയുടെ പ്രാധാന്യം, വിപണി, സംസ്കരണം എന്നിവയെക്കുറിച്ചെല്ലാം ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

റബ്ബർതോട്ടങ്ങളിൽ ആവർത്തനക്കൃഷി ചെയ്യുമ്പോൾ മുറിച്ചുമാറ്റുന്ന റബ്ബർമരങ്ങൾ റബ്ബർതടിയുടെ ഒരു സുസ്ഥിരസ്രോതസ്സാണ്. ഇന്ത്യയിൽ റബ്ബർതടിയുടെ വാർഷികലഭ്യത ഏകദേശം 12 ലക്ഷം ക്യുബിക് മീറ്ററാണ്. അതിൽ 60 ശതമാനം മാത്രമാണ് വിവിധ വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നത്. റബ്ബർതടി ഉപയോഗിക്കുന്ന കേരളത്തിലെ പ്രധാന വ്യവസായങ്ങൾ പ്ലൈവുഡ് (45 ശതമാനം), പായ്ക്കിങ് കെയ്സ് (40 ശതമാനം), സംസ്കരിച്ച റബ്ബർതടി ഉപ



യോഗിച്ചുള്ള ഫർണിച്ചർ നിർമാണം (10 ശതമാനം) എന്നിവയാണ്. അഞ്ചുശതമാനം ഇതര മേഖലകളിൽ ഉപയോഗിക്കുന്നു.

റബ്ബറിനങ്ങൾ, മരങ്ങളുടെ പ്രായം, തടിയുടെ ഉയരം തുടങ്ങിയവ അനുസരിച്ച് ഒരു റബ്ബർമരത്തിൽ നിന്ന് ലഭ്യമാകുന്ന തടിയുടെ അളവ് വ്യത്യാസപ്പെട്ടിരിക്കും. ആർആർഐഐ 105 എന്ന ഇനത്തിന്റെ ശരാശരി വലുപ്പമുള്ള ഒരു മരത്തിൽ നിന്ന് ഏകദേശം 0.5 ടൺ തടി ലഭിക്കും. തായ്ത്തടിയുടെ നീളം, തടിയുടെ ചുറ്റളവ്, വാഹനങ്ങളിൽ തടി കയറ്റാനുള്ള സൗകര്യം, പ്രധാന മാർക്കറ്റുകളിൽ നിന്നുള്ള ദൂരം തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചായിരിക്കും കരാറുകാർ റബ്ബർമരത്തിന് വില നൽകുക. മരങ്ങൾ മുറിക്കാനും വാഹനങ്ങളിൽ കയറ്റാനുള്ള ചെലവും മാർക്കറ്റുകളിലേക്ക് അവ എത്തിക്കുന്നതിനുള്ള ചെലവും കരാറുകാരാണ് വഹിക്കുന്നത്. റബ്ബർമരങ്ങളുടെ ചുറ്റളവുകുറഞ്ഞ ശാഖകൾ വിറകിനായി ഉപയോഗിക്കുന്നു. റബ്ബർതടിയുടെ പ്രധാന ഉപഭോക്താക്കൾ പെരുമ്പാവൂർ, കൊല്ലം, ഒല്ലൂർ, കണ്ണൂർ എന്നിവിടങ്ങളിലെ പ്ലൈവുഡ്, പായ്ക്കിങ് കെയ്സ് എന്നിവ നിർമിക്കുന്ന വ്യവസായസ്ഥാപനങ്ങളാണ്. ഈ മാർക്കറ്റുകളിൽ തടിയുടെ വില നിർണയിക്കുന്നത് അതിന്റെ ചുറ്റളവ് അനുസരിച്ചാണ്.

ഒരു ലോഡിലെ മുഴുവൻ തടികൾക്കും 57.5 സെന്റീമീറ്ററിൽ (23 ഇഞ്ച്) കൂടുതൽ ചുറ്റളവ് ഉണ്ടായിരിക്കുകയും അതിൽ 70 ശതമാനം തടികൾ 75 സെന്റീമീറ്ററിൽ (30 ഇഞ്ച്) കൂടുതൽ ചുറ്റളവ് ഉള്ളവയുമാണെങ്കിൽ ആ



ലോഡിനെ 'സൂപ്പർ സെലക്ഷൻ ഗ്രേഡ്' എന്നു പറയാം. ഈ ഗ്രേഡിന്റെ ഇപ്പോഴത്തെ വില ടണ്ണിന് 8,300 - 8,500 രൂപയാണ്. ഒരു ലോഡിലെ മുഴുവൻ തടികൾക്കും 50 സെന്റീമീറ്ററിൽ (20 ഇഞ്ച്) കൂടുതൽ ചുറ്റളവുണ്ടായിരിക്കുകയും അതിൽ 50 ശതമാനം തടികൾ 75 സെന്റീമീറ്ററിൽ (30 ഇഞ്ച്) കൂടുതൽ ചുറ്റളവ് ഉള്ളവയുമാണെങ്കിൽ ആ ലോഡിനെ 'സെലക്ഷൻ ഗ്രേഡ്' എന്നു പറയാം. ഈ ഗ്രേഡിന്റെ ഇപ്പോഴത്തെ വില ടണ്ണിന് 7,200-7,400 രൂപയാണ്. ഒരു ലോഡിലെ മുഴുവൻ തടികൾക്കും 50 സെന്റീമീറ്ററോ (20 ഇഞ്ച്) അതിൽ കൂടുതലോ ചുറ്റളവുണ്ടായിരിക്കുകയും അതിൽ 30 ശതമാനം തടികളും 75 സെന്റീമീറ്ററിൽ (30 ഇഞ്ച്) കൂടുതൽ ചുറ്റളവ് ഉള്ളവയുമാണെങ്കിൽ ആ ലോഡിനെ 'ഓർഡിനറി ഗ്രേഡ്' എന്നു പറയും. ഈ ഗ്രേഡിന്റെ ഇപ്പോഴത്തെ വില ടണ്ണിന് 5,800 രൂപയാണ്. പുതുതായി വെട്ടിയെടുത്ത ഒരു ക്യൂബിക് മീറ്റർ റബ്ബർതടിക്ക് ഏകദേശം 920 കിലോഗ്രാം ഭാരം വരും.

റബ്ബർമരങ്ങളിൽനിന്ന് ഉയർന്ന ഉത്പാദനം ലഭിക്കാൻ എത്തഫോൺ എന്ന ഉത്തേജകൗഷധം റബ്ബർ ബോർഡ് ശുപാർശ ചെയ്യുന്നുണ്ട്. റബ്ബർബോർഡിന്റെ ശുപാർശ പ്രകാരമുള്ള ഈ രാസവസ്തു ഉപയോഗിക്കുന്നതുകൊണ്ട് റബ്ബർമരത്തിന്റെ സാന്ദ്രതയിൽ മാറ്റം വരുന്നില്ല. അതിനാൽ ഇത് റബ്ബർതടിയുടെ വില നിശ്ചയിക്കുന്നതിൽ ഒരു ഘടകമല്ല.

പ്രാണികൾ, കുമിളുകൾ തുടങ്ങിയവയെ പ്രതിരോധിക്കാനുള്ള സ്വാഭാവിക കഴിവ് റബ്ബർതടിക്ക് ഇല്ല. അതിനാൽ റബ്ബർതടി ഈടുനിൽക്കണമെങ്കിൽ പ്രിസർവേറ്റീവുകളും രാസവസ്തുക്കളും ഉപയോഗിച്ച് സംസ്കരിക്കണം. ഇതിന് ഉപയോഗിക്കുന്ന രാസവസ്തുക്കൾ ബോറിക് ആസിഡും ബോറാക്സും ആണ്. ഈ രാസലായനി മനുഷ്യന് ദോഷകരമല്ല. അറുത്തെടുത്ത റബ്ബർ തടിയിൽ ഒരു പ്രഷർ ചേംബറുപയോഗിച്ച് രാസലായനി സന്നിവേശിപ്പിക്കുന്നു. അതിനുശേഷം, നനഞ്ഞ മരം സീസണിങ് ക്ലിനുകളിൽ വച്ച് പത്ത് ശതമാനം ഈർപം







ആകുന്നതുവരെ ഉണക്കുന്നു. അങ്ങനെ സോയിങ്, രാസ സംസ്കരണം, സീസണിങ് എന്നിവയിലൂടെ പ്രൈമറി പ്രോസസ്സിങ് പൂർത്തിയാക്കുന്നു. റബ്ബർതടിസംസ്കരണത്തിന്റെ മാനദണ്ഡങ്ങൾ ബി.ഐ.എസ്. സ്റ്റാൻഡേർഡ് നമ്പർ IS: 14960-ന് കീഴിൽ ഉൾപ്പെടുന്നു. റബ്ബർതടിയുടെ സംസ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 'ഫിംഗർ ജോയിന്റിങ്' എന്ന പ്രക്രിയ വഴി ചെറിയ കഷണങ്ങൾ യോജിപ്പിച്ച് എട്ടടി നീളമുള്ള സ്ട്രിപ്പുകളാക്കുകയും ഈ സ്ട്രിപ്പുകൾ ലാമിനേറ്റ് ചെയ്തത് 2.4 മീ.x1.2 മീ. (8 അടി x4 അടി) പലകകൾ ആക്കുകയും ചെയ്യുന്നു. ഈ പാനൽ ബോർഡുകൾ 35 മില്ലീമീറ്റർ, 24 മില്ലീമീറ്റർ, 18 മില്ലീമീറ്റർ, 12 മില്ലീമീറ്റർ എന്നിങ്ങനെയുള്ള കനത്തിലാക്കിയാണ് വിപണനം ചെയ്യപ്പെടുന്നത്. കെട്ടിടങ്ങളുടെ അകത്തളങ്ങളിൽ പാർട്ടീഷനുകൾ, വാതിലുകൾ, ക്യാബിനറ്റുകൾ, ടേബിൾ ടോപ്പുകൾ എന്നിവയുടെ നിർമാണത്തിൽ ഇവ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

### റബ്ബർതടി സംസ്കരണം

കേരളത്തിൽ റബ്ബർതടിയുടെ സംസ്കരണം ആരംഭിക്കുന്നത് ഏതാണ്ട് 1980 കാലഘട്ടത്തിലാണ്. കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന സൗത്ത് ഇന്ത്യൻ ടിമ്പർ ഇൻഡസ്ട്രി, എ.വി.റ്റി. ഗ്രൂപ്പിന്റെ രാജഗിരിയിലെ ഫാക്ടറി, കണ്ണൂരിൽ പ്രവർത്തനം ആരംഭിച്ച ആൻഡമാൻ ടിമ്പർ ഇൻഡസ്ട്രി, തമിഴ്നാട്ടിൽ നാഗർകോവിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബൊറാക്സ് മൊറാർജി ലിമിറ്റഡ് (Borax Morarji Ltd.) എന്നിവയാണ് ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന ആദ്യകാല പ്രമുഖ കമ്പനികൾ. 1990-കളിൽ റബ്ബർതടി സംസ്കരണ സാങ്കേതികവിദ്യയുടെ വ്യാപനത്തിനും ജനങ്ങൾക്കിടയിൽ സംസ്കരിച്ച റബ്ബർതടിയുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും വേണ്ടി കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കരയിൽ റബ്ബറുത്പാദകസംഘങ്ങളുടെയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന്റെയും സഹകരണത്തോടെ റബ്ബർബോർഡ് മെട്രോ വുഡ് (Metro Wood) എന്ന കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചു. ഇതെത്തുടർന്ന് അനേകം റബ്ബർതടി സംസ്കരണ ചെറുകിടസംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി. തൊണ്ണൂറുകളുടെ അവസാനത്തിൽ നീളം കുറഞ്ഞ തടിക്കഷണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് വേണ്ടിയുള്ള 'ഫിംഗർ ജോയിന്റിങ്' സാങ്കേതികവിദ്യ ഉൾപ്പെടുത്തിക്കൊണ്ട് കോട്ടയത്ത് ഇന്ത്യാ വുഡ് (India Wood) എന്ന കമ്പനിക്ക് റബ്ബർ ബോർഡ് തുടക്കമിട്ടു. ഏകദേശം ഇതേ സമയത്താണ് കണ്ണൂരിൽ കേരള സർക്കാരിന്റെ കോ-ഓപ്പറേറ്റീവ് സംരംഭമായ റബ്കോ, ഹുവാ (Huat) എന്ന മലേഷ്യൻ കമ്പനിയുമായി ചേർന്ന് റബ്ബർതടിയിൽ നിന്നും ഫർണിച്ചർ ഉണ്ടാക്കുന്ന ഒരു ഫാക്ടറി തുടങ്ങുന്നത്. അതിനുശേഷം 'ഫിംഗർ ജോയിന്റഡ് എഡ്ജ് ഗ്ലൂഡ് പാനൽ' (Finger Jointed Edge Glued Panel) ഉണ്ടാക്കുന്ന കുറെയേറെ ഫാക്ടറികൾക്ക് തുടക്കമായി. മരം മുറിച്ചുമാറ്റുമ്പോൾ റബ്ബർതടിക്ക് മെച്ചപ്പെട്ട വില ലഭിക്കാൻ ഈ ഫാക്ടറികൾ കർഷകരെ സഹായിച്ചിട്ടുണ്ട്.

### വനനാശനം തടയാൻ റബ്ബർതടി

റബ്ബർതടിയെ ശരിക്കും പരിസ്ഥിതിസൗഹൃദമായി കണക്കാക്കാം. 25 മുതൽ 30 വരെ വർഷങ്ങൾ നീണ്ടുനിൽക്കുന്ന വിളവെടുപ്പിനുശേഷം മരങ്ങൾ മുറിച്ചുമാറ്റി വീണ്ടും തൈകൾ നട്ടുപിടിപ്പിക്കുന്നതിനാൽ റബ്ബർ ഒരു സുസ്ഥിരമായ ആദായം നൽകുന്ന തോട്ടവിളയാണ്. ഫർണിച്ചർ ഗ്രേഡ് പ്രോസസ്സിങ്, പ്ലൈവുഡ്, പായ്ക്കിങ് കെയ്സ് തുടങ്ങിയ വ്യവസായങ്ങളിൽ റബ്ബർതടി ഉപയോഗിക്കുന്നതിനാൽ പ്രതിവർഷം ഏകദേശം 33,000 ഹെക്ടർ ഉഷ്ണമേഖലാവനപ്രദേശം വനനാശനത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നതായി കണക്കാക്കുന്നു. •



മാത്യു റ്റി.വി.
ഡെവലപ്മെന്റ് ഓഫീസർ

റബ്ബർബോർഡ് @ 75 **8**

# റബ്ബർകൃഷിമേഖലയും പുതിയ സമീപനങ്ങളും

റബ്ബർബോർഡ് 1947-ൽ രൂപവത്കരിക്കപ്പെട്ട ശേഷം ഇന്ത്യയിലെ റബ്ബർകൃഷിമേഖല വികസനോന്മുഖവും സമഗ്രവും അത്ഭുതപൂർവവുമായ വളർച്ച നേടുകയുണ്ടായി. കൃഷിവിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത എന്നിവയിലെ നാഴികക്കല്ലുകൾ പിന്നിട്ട് ആഗോള റബ്ബർമേഖലയ്ക്കൊപ്പം സുസ്ഥിരതയിലൂന്നിയ റബ്ബർവികസനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് ഇന്ത്യൻ റബ്ബർമേഖലയും പ്രവേശിക്കുകയാണ്. സുസ്ഥിരതയ്ക്കൊപ്പം സ്വയംപര്യാപ്തതയും നമ്മുടെ മുൻഗണനാവിഷയമാണ്. വിവിധ കാർഷികമേഖലകളിലെ കാലാവസ്ഥയ്ക്ക് ഇണങ്ങിയ റബ്ബറിനങ്ങളുടെ വികസനം, കാലാവസ്ഥാവ്യതിയാനങ്ങളെ നേരിടുന്നതിനും രോഗങ്ങളെ ചെറുക്കുന്നതിനും കഴിവുള്ള ക്രൗൺബഡ്ഡ്







തൈകളുടെ വ്യാപനം, കീടനാശിനികളുടെയും രാസവസ്തുക്കളുടെയും ഉപയോഗത്തിലുള്ള നിയന്ത്രണം എന്നിങ്ങനെ സുസ്ഥിരകൃഷിക്ക് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിനുപുറമെ റബ്ബർ വികസനത്തെ സ്വാധീനിക്കുന്ന മൂന്ന് പ്രധാന ഘടകങ്ങൾകൂടി പരാമർശിക്കപ്പെടേണ്ടതുണ്ട്.

### പരമ്പരാഗതമേഖലയുടെ നിലനിൽപ്പ്

ഇന്ത്യയിൽ 8.5 ലക്ഷം ഹെക്ടർ സ്ഥലത്താണ് റബ്ബർകൃഷിയുള്ളത്. കൃഷിയുടെ വിസ്തൃതിയിലും റബ്ബറിന്റെ ഉത്പാദനത്തിലും പരമ്പരാഗതമേഖലയുടെ സംഭാവന യഥാക്രമം 67.17-ഉം 74.19-ഉം ശതമാനമാണ്. പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനം, ഉത്പാദനക്ഷമത, ഉപഭോഗം, വാണിജ്യസംവിധാനങ്ങൾ എന്നിവയിലെല്ലാം പരമ്പരാഗതമേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

കാർഷിക കാലാവസ്ഥാസാഹചര്യങ്ങൾ (Agroclimatic conditions) അനുസരിച്ച് ഇന്ത്യയിൽ റബ്ബർകൃഷിക്ക് ഏറ്റവും യോജിച്ച പ്രദേശം കേരളവും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയും അടങ്ങുന്ന പരമ്പരാഗതമേഖലയാണ്. ഇക്കാരണത്താലാണ് ബ്രിട്ടീഷ് സംരംഭകർ ഇന്ത്യയിൽ റബ്ബർകൃഷിക്ക് തുടക്കമിടാൻ കേരളത്തെ തെരഞ്ഞെടുത്തതും.

പരമ്പരാഗതമല്ലാത്ത മേഖലയും വടക്കുകിഴക്കൻ മേഖലയും പരമ്പരാഗതമേഖലയോടു കിടപിടിക്കുന്ന ഉത്പാദനവും ഉത്പാദനക്ഷമതയും നൽകാൻ പര്യാപ്തമല്ല. എങ്കിലും രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ ഇവിടങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിച്ചുവരുന്നു. പരമ്പരാഗതമേഖലയിൽ റബ്ബർകൃഷിമൂലം ഉണ്ടായിട്ടുള്ള പുരോഗതി ശ്രദ്ധേയമാണ്. ആളോഹരി വരുമാനം, സാമൂഹികസുരക്ഷ, സാമ്പത്തികവളർച്ച, വിദ്യാഭ്യാസനിലവാരം എന്നിങ്ങനെ വിവിധ 'ഹ്യൂമൻ റിസോഴ്സ് ഇൻഡക്സി'ൽ കേരളം മുന്നിൽ വരാനിടയായത് റബ്ബർകൃഷി മൂലമാണ്. ഈ വളർച്ച മറ്റു മേഖലകളിലെ റബ്ബർകർഷകരെ പ്രചോദിപ്പിക്കാൻ പര്യാപ്തമാണ്. എന്നാൽ, കേരളത്തിന്റേതായ പ്രതിസന്ധികളും വലുതാണ്. വർദ്ധിച്ചുവരുന്ന കൂലിച്ചെലവ്, കൃഷിഭൂമിയുടെ കനത്തവില, ഭൂമിയുടെ ലഭ്യതക്കുറവ്, തൊഴിലാളികളുടെ അഭാവം, 'ആബ്സന്റി'/'പാർട്ട്ടൈം' കർഷകരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന, റബ്ബറിന്റെ വിലയിലെ ചാഞ്ചാട്ടങ്ങൾ കാലാവസ്ഥാവ്യതിയാനം, റബ്ബറിന്റെ അപക്വകാലഘട്ടം കൂടുതൽ ദൈർഘ്യമേറുന്നത്, കാർഷികവൃത്തിയിലേക്ക് പൊതുവേയും റബ്ബർകൃഷിയിലേക്ക് പ്രത്യേകിച്ചും ആകർഷിക്കപ്പെടാത്ത പുതുതലമുറ എന്നിങ്ങനെ പല പ്രശ്നങ്ങളാണ് പരമ്പരാഗതമേഖല നേരിടുന്നത്.

റബ്ബർ ഒരു വ്യവസായിക അസംസ്കൃതവസ്തു എന്ന നിലയിൽ പരിഗണിക്കപ്പെടുന്നതിനാൽ കാർഷികവിളകൾക്ക് പൊതുവായുള്ള 'മിനിമം സപ്പോർട്ട് പ്രൈസ്' (MSP) ന്റെ പരിധിയിൽ റബ്ബർ ഉൾപ്പെടുന്നില്ല എന്നത് മറ്റൊരു പ്രതിസന്ധിയാണ്. റബ്ബറിന്റെ വിലക്കുറവിന് പരിഹാരമായി കേരളസർക്കാർ കൊണ്ടുവന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി സഹായകരമെങ്കിലും പുതുക്കൃഷിയും ആവർത്തനക്കൃഷിയും ചെയ്യുന്നവർക്ക് കൂടുതൽ സഹായങ്ങൾ ആവശ്യമാണ്. തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കൽ, കാർഷികോപാധികൾക്കുള്ള ധനസഹായത്തിലൂടെ ഉത്പാദനച്ചെലവ് കുറയ്ക്കൽ, ഉത്പാദനക്ഷമതാവർദ്ധനയ്ക്കുള്ള നടപടികൾ, ആകർഷകമായ പുതുക്കൃഷി/ആവർത്തനക്കൃഷി ധനസഹായപദ്ധതി, റബ്ബർമേഖലയിൽ സംരംഭകത്വം വളർത്തൽ, റബ്ബറുത്പാദകസംഘങ്ങളുടെ ശാക്തീകരണത്തിലൂടെ റബ്ബർമേഖലയ്ക്ക് ഉണർവുനൽകൽ തുടങ്ങി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ഇനിയും ആവശ്യമുണ്ട്. എന്നാൽ, ഇന്ത്യയിലെ മറ്റു റബ്ബർകൃഷിമേഖലകളെ അപേക്ഷിച്ച് ഉയർന്ന മാനവ വികസന സൂചിക (Human Development Index - HDI) മാനദണ്ഡമാക്കി പരമ്പരാഗതമേഖലയ്ക്കുള്ള ധനസഹായപദ്ധതികൾ കുറച്ചാൽ ഇവിടുത്തെ റബ്ബർകൃഷി കാലക്രമേണ പരിമിതപ്പെടാൻ സാധ്യതയുണ്ട്. വരുന്ന കാൽനൂറ്റാണ്ടിനുള്ളിൽ കേരളത്തിലെ റബ്ബർകൃഷിവിസ്തൃതിയിൽ 20-30 ശതമാനം വരെ കുറവുണ്ടാകാനുള്ള സാധ്യതയാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ഇത് സംഭവിക്കുന്നപക്ഷം ആഭ്യന്തര ഉപഭോഗത്തിന്റെ 70 ശതമാനം എങ്കിലും തദ്ദേശീയമായി ഉത്പാദിപ്പിക്കണം എന്ന ആശയം നടപ്പാക്കാൻ ബുദ്ധിമുട്ടാകും.

### സുസ്ഥിര റബ്ബർകൃഷിവികസനം

പ്രകൃതിദത്തറബ്ബർ ഒരു പരിസ്ഥിതിസൗഹൃദ സുസ്ഥിരവിളയാണ്. എന്നിരുന്നാലും വനനാശനം, ജൈവവൈവിധ്യശോഷണം, മലിനീകരണം, പരിസ്ഥിതി പ്രശ്നങ്ങൾ, ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നീ ആഗോളപ്രശ്നങ്ങളെ തദ്ദേശീയമായി അതിജീവിക്കേണ്ടത് സുസ്ഥിരമായ റബ്ബർകൃഷിവികസനത്തിന് ആവശ്യമാണ്. ആഗോളതാപനവും കാലാവസ്ഥാവ്യതി



യാനവും റബ്ബർമേഖലയിൽ പുതിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. പുതിയ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതും പരിചിതമായ രോഗങ്ങൾ കൂടുതൽ വ്യാപിക്കുന്നതും ഒരു പ്രശ്നമാണ്. റബ്ബറിന്റെ വിലയിടിവ് ആഗോളതലത്തിൽതന്നെ കർഷകരെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്.

സുസ്ഥിരമായ റബ്ബർകൃഷിവികസനത്തിന് ഉയർന്ന ഉത്പാദനക്ഷമത അനിവാര്യമാണ്. എന്നാൽ, ഇന്ത്യയിലെ റബ്ബർകർഷകർ നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് ഉത്പാദനക്ഷമതയിൽ ഉണ്ടാകുന്ന കുറവാണ്. ആധുനിക സംസ്കരണസംവിധാനങ്ങളുടെ അഭാവം, ഗുണമേന്മാപാലനത്തിനുള്ള പരിമിതികൾ, മാർക്കറ്റിങ് സംവിധാനങ്ങളുടെ കുറവ്, മധ്യവർത്തികളിൽ നിന്നുള്ള ചൂഷണം എന്നിവയാണ് കർഷകർ അഭിമുഖീകരിക്കുന്ന മറ്റ് ചില പ്രതിസന്ധികൾ.

പ്രകൃതിദത്തറബ്ബറിനു പകരക്കാരനായ കൃത്രിമറബ്ബർ പരിസ്ഥിതിസൗഹാർദപരമോ സുസ്ഥിരത ഉറപ്പുവരുത്തുന്നതോ ആയ ഉത്പന്നമല്ല. അതിനാൽ കൃത്രിമറബ്ബറിന്റെ ഉപയോഗം ഭാവിയിൽ വ്യവസായമേഖലയ്ക്ക് പരിമിതപ്പെടുത്തേണ്ടതായി വരും. മിഷലിൻ പോലുള്ള കമ്പനികൾ അവരുടെ ഉത്പന്നങ്ങളാകെ പ്രകൃതിസൗഹാർദപരമാക്കുന്നതിനുള്ള സമയബന്ധിതപദ്ധതികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതോടൊപ്പം യൂറോപ്യൻ യൂണിയന്റെ റെഗുലേഷൻ ഓൺ ഡീഫോറസ്റ്റേഷൻ ഫ്രീ പ്രോഡക്ട്സ് (ഇ.യു.ഡി.ആർ.) മാനദണ്ഡങ്ങളും കാർബൺ ട്രേഡിങ് പോലുള്ള നവീന ആശയങ്ങളും പ്രകൃതി ദത്തറബ്ബർമേഖലയ്ക്ക് ഗുണപരമായ സംഭാവനകൾ നൽകും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

### യൂറോപ്യൻ യൂണിയന്റെ ഡീഫോറസ്റ്റേഷൻ റഗുലേഷനും ഇന്ത്യയിലെ റബ്ബർകൃഷിയും

യുണൈറ്റഡ് നേഷൻസിന്റെ ഭാഗമായുള്ള ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷന്റെ ഗ്ലോബൽ ഫോറസ്റ്റ് റിസോഴ്സസ് അസ്സസ്മെന്റ് റിപ്പോർട്ട് അനുസരിച്ച് 1990-ന് ശേഷം ലോകത്താകമാനം 178 മില്യൺ ഹെക്ടർ വനഭൂമി നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അപകടകരമാംവിധം വർദ്ധിച്ചുവരുന്ന വനനാശനം തടയുന്നതിന് ആഗോളതലത്തിൽ ഒരു നിയമം ഇല്ല എന്നതും ശ്രദ്ധേയമാണ്. ഈ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ടും ആഗോളതലത്തിൽ ഉണ്ടായിട്ടുള്ള തിരിച്ചറിവുകൊണ്ടുംകൂടെയാവണം യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ 'യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റഗുലേഷൻ' എന്ന നിയമം കൊണ്ടുവന്നത്. സുസ്ഥിരവിഭവങ്ങളുടെ ഉപയോഗത്തിലൂടെ വനനാശനം ലഘൂകരിക്കുക എന്ന ലക്ഷ്യമാണ് ഈ നിയമത്തിനുള്ളത്. ഈ ലക്ഷ്യത്തിലേക്ക് യൂറോപ്യൻ യൂണിയന്റെ പങ്ക് എന്ന നിലയിലാണ് ഈ നിയമം നിലവിൽ വരുന്നത്. നിയമനിർമാണത്തിന് മുന്നോടിയായി യൂണിയനിലെ അംഗരാജ്യങ്ങൾ പരസ്പരസഹകരണത്തിനുള്ള ധാരണയിൽ എത്തുകയും അംഗരാജ്യങ്ങളുടെ വിപണികളിൽ സുസ്ഥിരവിഭവങ്ങളുടെ ഇറക്കുമതി മാത്രമേ അനുവദിക്കുകയുള്ളൂ എന്ന സ്ഥിതിവിശേഷം സംജാതമാക്കുകയും ചെയ്തിട്ടുണ്ട്. യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ ഏറ്റവും അധികം ആശ്രയിക്കുന്ന വിഭവങ്ങളായ പാംഓയിൽ, കൊക്കോ, കോഫി, റബ്ബർ, സോയാബീൻ, ബീഫ്, വളർത്തുമൃഗങ്ങൾ, തടി, തുകൽ, പ്രിന്റഡ് പേപ്പർ പ്രോഡക്റ്റ്സ്, ഫർണിച്ചർ, സൗന്ദര്യവർദ്ധകവസ്തുക്കൾ, ചോക്ലേറ്റ് എന്നിവയ്ക്കെല്ലാം ഇറക്കുമതിനിയന്ത്രണങ്ങൾ നേരിടേണ്ടി വരും.

യൂറോപ്യൻ യൂണിയൻ രാഷ്ട്രങ്ങളിലേക്കുള്ള റബ്ബർ ഇറക്കുമതി മുഴുവനും തെക്കുകിഴക്കൻ ഏഷ്യൻരാജ്യങ്ങളിൽ നിന്നോ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നോ ആണ്. ഇ.യു.ഡി.ആർ. മാനദണ്ഡങ്ങൾ നിലവിൽവരുമ്പോൾ മേൽപറഞ്ഞ രാജ്യങ്ങളിൽ റബ്ബർകൃഷിമൂലമുണ്ടാകുന്ന വനനാശനം, ആവാസവ്യവസ്ഥയുടെ തകർച്ച, ജൈവവൈവിധ്യനാശം എന്നിവ ലഘൂകരിക്കപ്പെടും എന്നാണ് നിരീക്ഷിക്കപ്പെടുന്നത്. അതിനാൽ വനനാശനരഹിതമായ വിതരണശൃംഖല സൃഷ്ടിച്ചെടുക്കുന്നതിന് ഇ.യു.ഡി.ആർ. മാനദണ്ഡങ്ങൾ ഊന്നൽ നൽകുന്നു. പ്രധാനമായും നാല് മാനദണ്ഡങ്ങളാണ് ഇവയിലുള്ളത്

#### *1. ഉത്പന്നത്തിന്റെ ഉത്ഭവസ്ഥാനം (Destination of products)*

ഇ.യു.ഡി.ആർ. മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്ന ഉത്പന്നങ്ങളുടെ നിർമാണവും കയറ്റുമതിയും വനനാശനത്തിന് കാരണമായിട്ടില്ലെന്നും അവ ഉത്പാദിപ്പിക്കപ്പെട്ടത് 2020 ഡിസംബർ 31-നു ശേഷം നശിപ്പിക്കപ്പെട്ട വനഭൂമിയിൽ നിന്നല്ലെന്നും പ്രസ്തുത ഉത്പന്നം നിർമിക്കപ്പെട്ടത് രാജ്യങ്ങളിലെ നിലവിലുള്ള വനനിയമങ്ങൾ പാലിച്ചുകൊണ്ടും അവയ്ക്ക് വിധേയമായും ആണെന്നുമുള്ള സർട്ടിഫിക്കേഷൻ ആവശ്യമായിവരും.

#### *2. കണ്ടെത്താൻ കഴിയുന്നതായിരിക്കണം (Tracebility)*

ഈ മാനദണ്ഡപ്രകാരം ഉത്പന്നത്തിന്റെ ഡേറ്റ് ഓഫ് പ്രൊഡക്ഷൻ, ഉത്പാദിപ്പിക്കപ്പെട്ട ഭൂമിയുടെ ജിയോലൊക്കേഷൻ, അക്ഷാംശ-രേഖാംശങ്ങൾ എന്നിവ ബന്ധപ്പെട്ട കമ്പനികൾ യൂറോപ്യൻ യൂണിയനിലേക്ക് കയറ്റുമതിചെയ്യുന്ന ഉത്പന്നങ്ങളിൽ വ്യക്തമാക്കിയിരിക്കണം.

#### *3. ശ്രദ്ധ ആവശ്യമുള്ളത് (Due diligence)*

ഏതെങ്കിലും ഉത്പന്നം യൂറോപ്യൻ വിപണികളിലേക്ക് കയറ്റുമതി ചെയ്യുന്നവർ ഉത്പന്നവുമായി ബന്ധപ്പെട്ട റിസ്ക് അസ്സസ്മെന്റ് മുൻകൂർ നടത്തേണ്ടതും നിസ്സാരമല്ലാത്ത എല്ലാ റിസ്കുകളുടെയും ലഘൂകരണ

ത്തിനുള്ള തന്ത്രങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുകയും വേണം.

### 4. സെൻട്രൽ ഇൻഫർമേഷൻ സിസ്റ്റം

റബ്ബറുത്പന്നങ്ങൾ കയറ്റുമതിചെയ്യുന്ന ഏജൻസികൾ കേന്ദ്രീകൃത വിവരസംവിധാനത്തിലൂടെ ഉത്പന്നങ്ങളുടെ നിർമാണം സംബന്ധിച്ച 'ഡ്യൂ ഡിലിജൻസ് സ്റ്റേറ്റ്മെന്റ്' നൽകാൻ ബാദ്ധ്യസ്ഥമാകും. ഈ നിയമനിർമാണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രഗവൺമെന്റിന്റെ നിർദേശപ്രകാരം ബാംഗ്ലൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റിനെ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പഠിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### കാർബൺ ട്രേഡിങ്

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും കേവലം മനുഷ്യഭാവന മാത്രമല്ലെന്നും ഒരു സജീവ യാഥാർത്ഥ്യമാണെന്നും ലോകം തിരിച്ചറിഞ്ഞത് കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ മാത്രമാണ്. യുണൈറ്റഡ് നേഷൻസ് ഫ്രെയിം വർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് (UNFCCC) 1992-ൽ കാലാവസ്ഥാവ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങളും മനുഷ്യരാശിയുടെ പൊതുവായ ആശങ്കയാണെന്ന പ്രമേയം അംഗീകരിക്കുകയുണ്ടായി. തുടർന്ന് 1997-ൽ ജപ്പാനിലെ 'ക്യോട്ടോ' ഉടമ്പടിപ്രകാരം ലോകത്തിലെ എല്ലാ രാജ്യങ്ങളും പ്രത്യേകിച്ച് വ്യവസായവത്കൃതരാജ്യങ്ങൾ കാലാവസ്ഥാവ്യതിയാനത്തിനും ആഗോളതാപനത്തിനും കാരണമാകുന്ന കാർബൺഡൈ ഓക്സൈഡിന്റെയും ($CO_2$) ഹരിതഗൃഹവാതകങ്ങളുടെയും (GHG) ബഹിർഗമനം 1990-ലെ നിലയെക്കാൾ 5.2 ശതമാനം കുറയ്ക്കണമെന്ന തീരുമാനത്തിലെത്തുകയുണ്ടായി. തുടർന്നുവന്ന പാരീസ് ഉടമ്പടിയിലൂടെയും നിരവധി ഭൗമഉച്ചകോടി പ്രമേയങ്ങളുടെയും ഫലമായി അന്തരീക്ഷത്തിലെ കാർബൺ, വിനിമയസാധ്യമായ സാമ്പത്തിക മൂല്യമുള്ള ഒരു വാതകമായി പരിഗണിക്കപ്പെട്ടു. അതോടെ രാജ്യങ്ങൾക്കും കമ്പനികൾക്കും വ്യക്തികൾക്കും വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്ന ഒരു വാണിജ്യവസ്തുവായി (ചരക്ക്) കാർബൺ മാറുകയുണ്ടായി. ഒരു രാജ്യമോ കമ്പനിയോ വ്യക്തികളോ കാർബൺ വാങ്ങുന്നു അഥവാ കാർബൺ ക്രെഡിറ്റ് ലഭിക്കുന്നു എന്നാൽ, കാർബൺഡൈ ഓക്സൈഡ് അന്തരീക്ഷത്തിലേക്ക് ബഹിർഗമിക്കുന്നതിനുള്ള അവകാശം നേടുന്നു എന്നാണ് അർത്ഥം. കൂടുതൽ വ്യവസായ വികസനം ആവശ്യമുള്ള രാജ്യങ്ങൾക്കും വ്യവസായ യൂണിറ്റുകൾക്കും വ്യക്തികൾക്കും കൂടുതൽ ബഹിർഗമനാവകാശം (carbon credit) ആവശ്യമായിവരും. ചുരുക്കിപ്പറഞ്ഞാൽ ആഗോളതാപനത്തിനിടയാക്കുന്ന കാർബൺ ഡൈഓക്സൈഡും ഹരിതഗൃഹവാതകങ്ങളും അന്തരീക്ഷത്തിലേക്ക് തള്ളുന്നവർ അതിന് വിലകൊടുക്കേണ്ടിവരും എന്നതാണ് മേൽപറഞ്ഞ ഉടമ്പടികളുടെ അന്തഃസത്ത.



ഒരു രാജ്യമോ വ്യക്തിയോ സ്ഥാപനമോ നിയമാനുസൃതമായി അനുവദിക്കപ്പെട്ട കാർബൺ ക്രെഡിറ്റിനെക്കാൾ കുറവാണ് ബഹിർഗമിപ്പിക്കുന്നതെങ്കിൽ മിച്ചമുള്ള ക്രെഡിറ്റ് അവർക്ക് വിൽക്കാവുന്നതാണ്. എന്നാൽ, നിയമാനുസൃതമായി അനുവദനീയമായതിൽ കൂടുതൽ ബഹിർഗമനം ഉണ്ടായവർക്കും കൂടുതൽ ക്രെഡിറ്റ് വാങ്ങേണ്ടതായിവരും. ഇത്തരം കൊടുക്കൽ വാങ്ങലുകൾ നിയന്ത്രിക്കുന്നതിന് ചുമതലപ്പെട്ട സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാവും കാർബൺ ട്രേഡിങ് നടക്കുക. ഇതിനെ 'കംപ്ലയൻസ് മാർക്കറ്റ്' (compliance market) എന്നാണ് പറയുക. ഇതു കൂടാതെ 'വോളണ്ടറി മാർക്കറ്റ്' എന്ന ഒരു സങ്കൽപം കൂടി നിലവിലുണ്ട്. ഇതനുസരിച്ച് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കാർബൺഡൈഓക്സൈഡും ഹരിതഗൃഹവാതകങ്ങളും ബഹിർഗമിക്കുന്നത് തടയുന്നതിനോ ബഹിർഗമനത്തോത് കുറയ്ക്കുന്നതിനോ ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാം. സാമൂഹികവനവത്ക്കരണം ഇതിനൊരുദാഹരണമാണ്. ഇങ്ങനെ വെച്ചുപിടിപ്പിക്കുന്ന മരങ്ങൾ അന്തരീക്ഷത്തിലെ കാർബൺ വലിച്ചെടുത്ത് അതിന്റെ തടിയിലും വേരിലും ശാഖകളിലും ഇലകളിലും മണ്ണിലും നിക്ഷേപിക്കുന്നു. ഈ പ്രക്രിയയെ കാർബൺ സീക്വസ്ട്രേഷൻ എന്നാണ് വിശേഷിപ്പിക്കുന്നത്. ഇങ്ങനെ അന്തരീക്ഷതാപത്തിനിടയാക്കുന്ന വാതകങ്ങളെ വലിച്ചെടുക്കുന്നതിലൂടെ ഇത്തരം 'ദ്വനീയ വനങ്ങൾ' (secondary forests) അല്ലെങ്കിൽ 'മനുഷ്യനിർമിതവനങ്ങൾ' ഒരു 'കാർബൺ സിങ്ക്' (carbon sink) ആയി പ്രവർത്തിച്ച് ആഗോളതാപനത്തിന്റെയും കാലാവസ്ഥാവ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങളെ കുറയ്ക്കുന്നു.

### കാർബൺ ട്രേഡിങ്ങും റബ്ബർകൃഷിയും

റബ്ബർതോട്ടങ്ങൾ കാർബൺ സിങ്ക് (carbon sink) ആയി പരിഗണിക്കപ്പെടുന്നതിനാൽ റബ്ബർകൃഷിക്ക് ആഗോള പ്രസക്തി കൈവരികയാണ്. ഇതര കാർഷിക വിളകളിൽ നിന്ന് വ്യത്യസ്തമായി റബ്ബർ ഒരു വൃക്ഷവിള ആയതിനാൽ അതിന് കാർബൺ സീക്വസ്ട്രേഷൻ ശേഷി കൂടുതലാണ്. തോട്ടവിളകളല്ലാത്ത കാർഷിക വിളകൾക്ക് അഥവാ വാർഷികവിളകൾക്ക് കാർബൺ സീക്വസ്ട്രേഷൻ ശേഷി കുറവാണ്. വൃക്ഷവിളകളെപ്പോലെ വലിയ തായ്ത്തടി, വേരുപടലം, ശാഖകൾ, ഇലച്ചാർത്തുകൾ എന്നിങ്ങനെ വലിയ 'ബയോമാസ്' ഇല്ല എന്നതാണ് ഇതിനുകാരണം.

യുണൈറ്റഡ് നേഷൻസ് ഫ്രെയിം വർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പ്രകാരം റബ്ബർതോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നത് സാങ്കേതികമായി വനവത്ക്കരണത്തിന് തുല്യമാണ്. അതുകൊണ്ടുതന്നെ റബ്ബർതോട്ടങ്ങളുടെ ഹെക്ടർ പ്രതിയുള്ള കാർബൺ സീക്വസ്ട്രേഷൻ ശേഷി തിട്ടപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇത്തരം പഠനങ്ങൾ ആഗോളതലത്തിൽ നടന്നുവരുന്നുണ്ട്.



ഇന്ത്യയിൽ കാർബൺ ട്രേഡിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശൈശവദശയിലാണെങ്കിലും തുടർ പ്രവർത്തനങ്ങൾ സജീവമാകുന്നതോടെ നിലവിലുള്ള 8.5 ലക്ഷം ഹെക്ടർ റബ്ബർതോട്ടങ്ങൾക്ക് പ്രാധാന്യം ഏറുമെന്നത് തീർച്ചയാണ്.

നിലവിലുള്ള പഠനങ്ങളനുസരിച്ച് ഓരോ കിലോഗ്രാം റബ്ബർപാലും ഉത്പാദിപ്പിക്കപ്പെടുമ്പോൾ 24.9 കിലോഗ്രാം കാർബൺഡൈഓക്സൈഡ് അന്തരീക്ഷത്തിൽ നിന്ന് വലിച്ചെടുക്കപ്പെടുന്നു എന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ റബ്ബറിന്റെ വേരുകളിലും തായ്ത്തടിയിലും ശാഖകളിലും ഇലച്ചാർത്തുകളിലും മണ്ണിലും കാർബൺ നിക്ഷേപിക്കപ്പെടുന്നു. ഇങ്ങനെ വിവിധ തലങ്ങളായി ഒരു ഹെക്ടർ സ്ഥലത്തുള്ള റബ്ബർ മരങ്ങൾ അന്തരീക്ഷത്തിൽ നിന്ന് നിർമാർജനം ചെയ്യുന്ന കാർബണിന്റെ വിപണിമൂല്യം വോളണ്ടറി കാർബൺ ട്രേഡിങ്ങിലൂടെ കർഷകസമൂഹത്തിന് ലഭ്യമാക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ വ്യാപകമായി കൃഷിചെയ്തിട്ടുള്ള നിശ്ചിത പ്രായമെത്തിയ ആർആർഐഐ 105 എന്ന ഇനത്തിൽപെട്ട റബ്ബർമരങ്ങൾക്ക് ഹെക്ടർ പ്രതി 142 ടൺ കാർബൺ റബ്ബർമരത്തിലും 23 ടൺ മണ്ണിലും നിക്ഷേപിക്കാൻ ശേഷിയുണ്ട് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം അന്തരീക്ഷത്തിൽ നിന്ന് വലിച്ചെടുക്കപ്പെടുന്ന കാർബണിന്റെ അംഗീകൃതമൂല്യം ആഗോളതാപനത്തെ ലഘൂകരിക്കുന്നതിനുള്ള സംഭാവനയായി കണക്കാക്കി കർഷകരിലെത്തിക്കുക എന്ന ദൗത്യമാണ് ഈ മേഖലയിൽ ആവശ്യമായി വരുന്നത്.

വരും ദശകങ്ങളിൽ നമ്മുടെ റബ്ബർകൃഷിമേഖലയിൽ സംഭവിക്കാൻ പോകുന്ന മാറ്റങ്ങളുടെ ദിശ നിർണയിക്കുന്നത് സുസ്ഥിര റബ്ബർകൃഷിവികസനം, ഇ.യു.ഡി.ആർ. മാനദണ്ഡങ്ങളുടെ പശ്ചാത്തലത്തിലുള്ള റബ്ബറുത്പാദന-ഉത്പന്ന നിർമാണപ്രക്രിയകളുടെ നവീകരണം, കാർബൺ ട്രേഡിങ് സാധ്യതകൾ എന്നീ വിശാല സങ്കൽപങ്ങളിലൂന്നിയാവും എന്നതിൽ തർക്കമില്ല.

നമ്മുടെ റബ്ബർമേഖലയിലെ അടിസ്ഥാനസൗകര്യ വികസനം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, കാർബൺട്രേഡിങ്, ഇ.യു.ഡി.ആർ. മാനദണ്ഡങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ റബ്ബർമേഖലയിൽ മാറ്റങ്ങൾ ആവശ്യമാണ്. 'റെഡ്യൂസ്, റീസൈക്കിൾ, റീയൂസ്' എന്ന സങ്കല്പം റബ്ബർകൃഷിയിലും പ്രസക്തമാണ്. ഈ ദിശയിലുള്ള ചില മാറ്റങ്ങൾ എന്തായിരിക്കണം എന്ന് പരിശോധിക്കാം.

1. റബ്ബർതോട്ടങ്ങളിൽ ജൈവാവശിഷ്ടങ്ങൾ കൊണ്ടുള്ള പുതയിടൽ പ്രോത്സാഹിപ്പിക്കുക.
2. ജൈവാവശിഷ്ടങ്ങളുടെ റീസൈക്ലിങ് പ്രോത്സാഹിപ്പിക്കുക.
3. കമ്പോസ്റ്റുകളുടെയും ജൈവവസ്തുക്കളുടെയും ജൈവകീടനാശിനികളുടെയും ഉപയോഗം വർദ്ധിപ്പിക്കുക.
4. ക്രോപ് റൊട്ടേഷൻ, ഇടവിളക്കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക.
5. ആവരണവിളകൾ നട്ടുപിടിപ്പിക്കുക.
6. റബ്ബർഷീറ്റ് നിർമാണം മൂലമുണ്ടാകുന്ന മലിനീകരണം തടയുന്നതിനും മലിനജലം റീസൈക്കിൾ ചെയ്യുന്നതിനുമുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക.
7. പരമ്പരാഗത പുകപ്പുരകളിൽ നിന്നുണ്ടാകുന്ന കാർബൺഡൈഓക്സൈഡിന്റെ ബഹിർഗമനം ($CO_2$ emission) കുറയ്ക്കുക.
8. പരമ്പരാഗതമല്ലാത്ത ഊർജസ്രോതസ്സുകളുടെ ഉപയോഗം (സോളാർ എനർജി) വർദ്ധിപ്പിക്കുക.
9. സീറോ വേസ്റ്റ് സർട്ടിഫിക്കേഷനുള്ള നടപടികൾ സ്വീകരിക്കുക.
10. റബ്ബർതൈകൾ ഉത്പാദിപ്പിക്കുന്ന പ്ലാസ്റ്റിക്കപ്പുകളുടെ സ്ഥാനത്ത് റബ്ബർ നിർമിത റൂട്ട്ട്രെയിനർ കപ്പുകളുടെ ഉപയോഗം കൂട്ടുക.
11. റബ്ബർതോട്ടങ്ങളുടെയും ഗാർഹിക-സമൂഹസംസ്കരണശാലകളുടെയും ജിയോടാഗിങ് നടത്തുക.
12. കാർബൺ ട്രേഡിങ്ങിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുക.

കഴിഞ്ഞ 75 വർഷങ്ങളിലെ പ്രവർത്തനങ്ങളിലൂടെ റബ്ബർമേഖലയുടെ സമഗ്രപുരോഗതിയാണ് റബ്ബർബോർഡ് ലക്ഷ്യമിട്ടുകൊണ്ടിരിക്കുന്നത്. റബ്ബർമൂല്യശൃംഖലയിലെ എല്ലാവരുടെയും കൂട്ടായ്മയാണ് റബ്ബർകൃഷി വികസനത്തിന് കാരണമായിട്ടുള്ളത്.

ഇനിയും ഇത്തരത്തിലുള്ള നവീനവും ഉത്തരവാദിത്തപൂർണവുമായ ഗവേഷണ വികസനപ്രക്രിയകളിലൂടെ റബ്ബർകൃഷിയുടെയും കർഷകരുടെയും ഭാവി സുരക്ഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടരാൻ റബ്ബർബോർഡിന് സാധിക്കുമെന്നതിൽ സംശയമില്ല. •




രാധാമണി എം.
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്)

# പരിശീലനത്തിന്റെ വിജയഗാഥ

മറ്റു കാർഷികവിളകളിലെ വിളവെടുപ്പുരീതികളുമായി താരതമ്യം ചെയ്യുമ്പോൾ വളരെയേറെ ശ്രദ്ധയും പരിശീലനവും ആവശ്യമുള്ളതാണ് 'ടാപ്പിങ്' എന്ന പേരിൽ അറിയപ്പെടുന്ന റബ്ബറിന്റെ വിളവെടുപ്പ്. റബ്ബർതോട്ടങ്ങളിലെ ഉത്പാദനം, ഉത്പാദനക്ഷമത, ആദായകരമായ വിളവെടുപ്പുകാലം എന്നിവ വർദ്ധിപ്പിക്കുന്നതിൽ ടാപ്പർമാർക്ക് പ്രധാനമായ ഒരു പങ്കുണ്ട്.

ഇടവേള കൂടിയ ടാപ്പിങ് പോലുള്ള ശാസ്ത്രീയമായ വിളവെടുപ്പുരീതികൾ തുടക്കം മുതൽ അവലംബിക്കുകയാണെങ്കിൽ റബ്ബറിന്റെ ആദായകരമായ വിളവെടുപ്പുകാലം 50 വർഷം വരെ വർദ്ധിപ്പിക്കാം. എന്നാൽ, ഇങ്ങനെയുള്ള തോട്ടങ്ങൾ കേവലം 15-20 വർഷം കൊണ്ട് ആവർത്തനക്കൃഷിക്ക് വിധേയമാക്കുന്നത് ഒരു സാധാരണ കാഴ്ചയായി മാറുന്നുണ്ട്. ഇവിടെയാണ് ശാസ്ത്രീയമായ റബ്ബർടാപ്പിങ്പരിശീലനത്തിന്റെ പ്രസക്തി. പരിശീലനങ്ങളും തുടർപരിശീലനങ്ങളും വളരെയേറെ പ്രാധാന്യമർഹിക്കുന്നു. രണ്ടുതരത്തിലുള്ള ടാപ്പിങ്പരിശീലനങ്ങൾ റബ്ബർബോർഡ് നടത്തിവരുന്നുണ്ട്. ഒന്നാമത്തേത് 30 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയാണ്. ഇത് ടാപ്പിങ് സ്കൂളുകളിൽ വെച്ചാണ് നടത്തുന്നത്. രണ്ടാമത്തേത് എട്ട് ദിവസം നീണ്ടുനിൽക്കുന്ന തീവ്രപരിശീലനമാണ്. ഇത് പഠിതാക്കളുടെ ആവശ്യപ്രകാരം അതത് ഗ്രാമപ്രദേശങ്ങളിൽ റബ്ബറുത്പാദകസംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. 'ടിസ്പ്' (TISP -Tappers Intensive Skill Improvement Programme) എന്ന ചുരുക്കപ്പേരിലാണ് ഇത് അറിയപ്പെടുന്നത്. തീവ്രപരിശീലനം നടത്താനാവശ്യമായ പഴയ റബ്ബർമരങ്ങളുടെ ലഭ്യതയും പരിശീലനം നേടാനുള്ള പഠിതാക്കളുടെ തയ്യാറെടുപ്പും വളരെ പ്രധാനമാണ്. എൻ.ഐ.ആർ.റ്റി. (NIRT -National Institute for Rubber Training) സ്ത്രീകൾക്കുമാത്രമായി നടത്തുന്ന (Pro-women) പരിശീലനപരിപാടിയും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപെടുന്നവർക്ക് മാത്രമുള്ള (SCSP/TSP) പരിപാടികളും ഉൾപെടെ നൂറുകണക്കിന്





*നിഷ വിനു സ്വന്തം തോട്ടത്തിലെ റബ്ബർമരങ്ങൾ ടാപ്പുചെയ്ത് വിളവെടുത്ത് ഷീറ്റുനിർമാണം നടത്തുന്നതിന്റെ ദൃശ്യങ്ങൾ*

പരിശീലനങ്ങളാണ് 'ടിസ്പ്' വിഭാഗത്തിൽ ഇന്ത്യയില ങ്ങോളമിങ്ങോളം വർഷംതോറും നടത്തിവരുന്നത്. റബ്ബർബോർഡിലെ റബ്ബർടാപ്പിങ് ഡെമോൺസ്ട്രേറ്റർമാരാണ് പ്രസ്തുത പരിശീലനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇത്രയേറെ തൊഴിൽ സാധ്യതയുള്ള മേഖലകൾ കുറവാണെന്ന് പറയാം. പരിശീലനം പൂർത്തിയാക്കിയശേഷം ടാപ്പർമാരുടെ ഒരു സ്വാശ്രയസംഘം (Rubber Tapper Group) രൂപവത്കരിച്ച് തോട്ടങ്ങൾ ദത്തെടുക്കാനുള്ള സാധ്യതകൾ ഏറെയാണ്.

ഇത്തരത്തിൽ ആലക്കോട് കണിയഞ്ചാലിൽ നടത്തിയ പരിശീലനമാണ് ഈ ലേഖനത്തിന് ആധാരമായിട്ടുള്ളത്.

*'നിൻ ഹൃദയത്തിൽ മുറിവേൽപ്പിച്ച്*
*നിന്റെ നീരൂറ്റി–*
*എന്റെ അന്നമായി മാറിയപ്പോഴും*
*പ്രിയപ്പെട്ട റബ്ബർമരമേ*
*നിന്നെ*
*ഞാൻ ഒരിക്കലും ശ്രദ്ധിച്ചതേയില്ല..*
*ഇന്ന് ഞാൻ അറിയുന്നു*
*നിന്റെ നീരിനെക്കാളും*
*നിന്നെയാണ് സ്നേഹിക്കേണ്ടതെന്ന്...!'*

എട്ടുദിവസത്തെ തീവ്രടാപ്പിങ്പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ആലക്കോട് ഗ്രാമപ്പഞ്ചായത്തിലെ കാവുംകുടി പതിനൊന്നാം വാർഡിലെ ജനപ്രതിനിധി നിഷ വിനുവിന്റേതാണ് മുകളിൽ എഴുതിയ വരികൾ.

കണ്ണൂർ ജില്ലയിലെ വളരെ മനോഹരമായ ഒരു കുടിയേറ്റ ഗ്രാമമാണ് ആലക്കോട്. റബ്ബറും തെങ്ങും കവുങ്ങും കുരുമുളകുമാണ് പ്രധാന കാർഷികവിളകൾ. കാപ്പിയും ഏലവും കൊക്കോയും ചിലയിടങ്ങളിൽ കൃഷിചെയ്തുവരുന്നു. നല്ലൊരു ശതമാനം റബ്ബർകർഷകരും സ്വന്തമായി ടാപ്പുചെയ്യുന്നവരാണ്. എങ്കിലും, മറ്റേതൊരു പ്രദേശത്തെയുംപോലെ ടാപ്പിങ്തൊഴിലാളികളുടെ ക്ഷാമം ഇവിടെയുമുണ്ട്. കണിയഞ്ചാൽ റബ്ബറുത്പാദകസംഘം നടത്തുന്ന റബ്ബർടാപ്പിങ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യാനാണ് വിശിഷ്ടാതിഥിയായി പതിനൊന്നാം വാർഡ് മെമ്പറായ നിഷ വിനു ടാപ്പിങ് പരിശീലനസ്ഥലത്ത് എത്തിയത്.

പുരുഷന്മാർ മാത്രമായിരിക്കും പഠിതാക്കളായി ഉണ്ടാവുക എന്നാണ് കരുതിയത്. പക്ഷേ, തന്റെ പ്രായത്തിലുള്ള സ്ത്രീപഠിതാക്കളെ കണ്ടപ്പോൾ മനസ്സൊന്ന് മാറ്റി ചിന്തിച്ചു. സാധാരണ ഉദ്ഘാടനച്ചടങ്ങുകൾ പോലെ ഉടനെ തിരിച്ചു പോയില്ല! ഭർത്താവ് വിനു, പ്രായമായ രണ്ട് അമ്മമാർ (ഒരാൾ കിടപ്പുരോഗി), കോളജ് വിദ്യാർത്ഥികളായ രണ്ട് ആൺമക്കൾ എന്നിവരാണ് നിഷയുടെ കുടുംബാംഗങ്ങൾ. അതോടൊപ്പം പൊതുപ്രവർത്തനവും. തിരക്കുപിടിച്ച ജീവിതത്തിന് കുറച്ചുകൂടെ വേഗം കൂട്ടിയാൽ എട്ടുദിവസംകൊണ്ട് ഒരു തൊഴിൽ കയ്യിൽ കിട്ടുമെന്ന് മനസ്സിലാക്കിയ നിഷ ടാപ്പിങ് ക്ലാസ്സിലെ അച്ചടക്കമുള്ള പഠിതാവായി. എന്നുമാത്രമല്ല, പൊതുപ്രവർത്തനത്തിന്റെ ഭാഗമായി ആശയപരമായും മറ്റും വിരുദ്ധചേരികളിൽ പെട്ടിരുന്ന സഹപഠിതാക്കളോടൊത്ത് ഭക്ഷണം പങ്കുവെച്ച് കഴിച്ചും കുശലം പറഞ്ഞും പൊട്ടിച്ചിരിച്ചും സ്നേഹബന്ധം ഊട്ടിയുറപ്പിക്കാനും സാധിച്ചു.

പരിശീലനത്തിന്റെ ഭാഗമായി നടത്തിയ മൂല്യനിർണയത്തിൽ പ്രാക്ടിക്കലിലും തിയറിയിലും മെച്ചപ്പെട്ട നിലവാരം കാഴ്ചവെച്ച നിഷ ഇപ്പോൾ തന്റെ 100 മരങ്ങൾ സ്വന്തമായി ടാപ്പുചെയ്യുന്നു. ഭർത്താവ് വിനു ടാപ്പുചെയ്തുകൊണ്ടിരുന്നപ്പോൾ തന്റെ തിരക്കിനിടയിലും നിഷ പാലെടുക്കാൻ സഹായിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന് എന്തെങ്കിലും അസൗകര്യം വന്നാൽ ഒന്നുകിൽ ടാപ്പുചെയ്യാതിരിക്കുക, അല്ലെങ്കിൽ മറ്റാരെക്കൊണ്ടെങ്കിലും ടാപ്പുചെയ്യിക്കുക എന്നതായിരുന്നു പതിവ്.

റബ്ബർ എന്ന 'കൽപധേനു'വിനെ സംബന്ധിച്ച് ശാസ്ത്രീയമായി മനസ്സിലാക്കാൻ സാധിച്ചതുകൊണ്ട് വരുംവർഷങ്ങളിൽ റെയിൻഗാർഡിട്ട് സ്വന്തമായി ടാപ്പുചെയ്യാനുള്ള ദൃഢനിശ്ചയത്തിലാണ് നിഷ വിനു. 13 പേരടങ്ങുന്ന പ്രസ്തുത ബാച്ചിലെ എല്ലാവരും തന്നെ നിഷയെപ്പോലെ റബ്ബർടാപ്പിങ്ങിൽ ചുവടുറപ്പിച്ചു കഴിഞ്ഞു. തനിക്കു പ്രിയപ്പെട്ട കുടുംബത്തെയും ആവേശമായ പൊതുപ്രവർത്തനത്തെയുംപോലെ റബ്ബർകൃഷിയെയും ചേർത്തുപിടിച്ചിരിക്കുന്ന നിഷയ്ക്ക് ടാപ്പിങ് പരിശീലനം നൽകിയത് ഏറെ സന്തോഷം മാത്രം. •



സജി മാത്യു
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# 'ജെൻഡർ ബജറ്റി'ങ്ങിലൂടെ സ്വയംതൊഴിലിലേക്ക്

ജെൻഡർ ബജറ്റിങ്, പ്രോ-വിമൻ, ലിംഗ സമത്വം തുടങ്ങി താരതമ്യേന നൂതനമായ ആശയങ്ങൾ അപരിചിതമായ ദക്ഷിണ കർണാടകയിലെ ഉൾനാടൻ ഗ്രാമമാണ് അറാൻതോട്. പുത്തൂർ റീജിയണൽ ഓഫീസിന്റെ കീഴിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന അറാൻതോട് റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ റബ്ബർബോർഡും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും സംയുക്തമായി വനിതകൾക്ക് മാത്രമായി നടത്തിയ എട്ടുദിവസത്തെ ടാപ്പിങ്പരിശീലന പരിപാടി സ്ത്രീശാക്തീകരണത്തിന്റെ നേർസാക്ഷ്യമായി. ടാപ്പിങ് അറിഞ്ഞിരിക്കുക എന്ന കേവല ഉദ്ദേശ്യവുമായി എത്തിയ 15 വനിതകളും എട്ടു ദിവസത്തെ പരിശീലനം പൂർത്തിയാക്കിയപ്പോൾ സ്വന്തം തോട്ടം സ്വയം ടാപ്പുചെയ്യുമെന്നുള്ള ദൃഢനിശ്ചയവുമായാണ് തിരിച്ചുപോയത്. സ്വന്തം ജോലികൾ സ്വയം ചെയ്യുന്നതിൽ സ്ത്രീകൾ എപ്പോഴും മുൻപന്തിയിലാണ്. സ്വന്തം റബ്ബർതോട്ടത്തിലെ മരങ്ങൾ സ്വയം ടാപ്പുചെയ്യുക എന്നതു കൂടി തനിയെ ചെയ്യാമെന്ന ആത്മവിശ്വാസമാണ് പരിശീലനത്തിലൂടെ അവർക്ക് ലഭിച്ചത്. ടാപ്പർമാരുടെ ദൗർലഭ്യം രൂക്ഷമായ ഈ പ്രദേശത്ത് വിളവ് പങ്കുവെയ്ക്കുക എന്ന രീതി ഒരു നാട്ടുനടപ്പ് ആയിക്കഴിഞ്ഞിരിക്കുന്നു. വിളവ് പങ്കുവെയ്ക്കൽ കരാറിലെ പല ആശാസ്യമല്ലാത്ത വ്യവസ്ഥകളും അംഗീകരിക്കാൻ കർഷകർ നിർബ്ബന്ധിതരാകുന്നുണ്ട്. എങ്ങനെയെങ്കിലും ടാപ്പിങ് നടന്നുപോകട്ടെ എന്നുള്ള ഒത്തുതീർപ്പിലേക്ക് എത്തിച്ചേരുമ്പോൾ റബ്ബർതോട്ടങ്ങളുടെ ആയുസ്സ് ഒരു പ്രശ്നമാകുന്നു. ഇതിന് പരിഹാരമെന്നോണം നിരവധി ടാപ്പിങ്പരിശീലനപരിപാടികൾ വർഷംതോറും പുത്തൂർ റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള റബ്ബറുത്പാദകസംഘങ്ങൾ വഴി സംഘടിപ്പിക്കാറുണ്ട്. സ്വന്തം തോട്ടം സ്വയം ടാപ്പുചെയ്യുന്ന കർഷകർ നിരവധിയാണ്. എങ്കിലും സ്ത്രീകൾ ടാപ്പിങ്മേഖലയിലേക്ക് കടന്നുവരുന്നത് അപൂർവമാണ്. കർണാടക ഫോറസ്റ്റ് ഡെവലപ്മെന്റ്





കോർപ്പറേഷന്റെ (കെ.എഫ്.ഡി.സി.) കീഴിൽ ധാരാളം വനിതാടാപ്പർമാരുണ്ടെങ്കിലും സ്വന്തം തോട്ടം സ്വയം ടാപ്പു ചെയ്യുന്ന വനിതകൾ വിരളമാണ്.

ഇടവേളകൂടിയ ടാപ്പിങ്ങിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പരിശീലനപരിപാടിയിൽ റെയിൻഗാർഡിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം മുതലായ ശാസ്ത്രീയരീതികളിൽ ചിട്ടയായ പരിശീലനം നൽകപ്പെട്ടു. ടാപ്പിങ്പരിശീലനം നൽകുന്നതിൽ സ്തുത്യർഹമായ സേവനം നിർവഹിച്ചുവരുന്ന ചൊക്കലിംഗം എന്ന ട്രെയിനറാണ് പരിശീലനം നൽകിയത്. അദ്ദേഹത്തിന്റെ ഭാര്യ ശിവയോഗയും പരിശീലനം നൽകാൻ എല്ലാദിവസവും എത്തിയിരുന്നു. രണ്ട് പേരും കെ.എഫ്.



ഡി.സി.-യിലെ ടാപ്പർമാരായിരുന്നു. പരിശീലകയായി ഒരു സ്ത്രീകൂടി എത്തുമ്പോൾ 'സ്ത്രീ ശാക്തീകരണം' എന്നുള്ളത് ഒരു ഭംഗിവാക്കല്ല എന്നത് യാഥാർത്ഥ്യമായി. റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർമാരായ ദീപ്തി സി.വി., സജി മാത്യു എന്നിവർ ശാസ്ത്രീയമായ വശങ്ങൾ സംബന്ധിച്ച് ക്ലാസ്സുകൾ എടുക്കുകയും ഡെവലപ്മെന്റ് ഓഫീസർ വി. അജിത്ത് പ്രസാദ് പഠിതാക്കളുടെ നൈപുണ്യവികസനവുമായി ബന്ധപ്പെട്ട മൂല്യനിർണയം നടത്തുകയും ചെയ്തു. പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും അറാൻതോട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കേശവ അടത്തല സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. •


# റബ്ബർതൈകൾ വിൽപനയ്ക്ക്



മണിമലയാർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ
കാനം റബ്ബർനഴ്സറിയിൽ
**RRII 105, RRII 430**
എന്നീ ഇനങ്ങളിൽപെട്ട ഗുണമേന്മയുള്ള റബ്ബർതൈകൾ
വിൽപനയ്ക്ക് തയ്യാറായിരിക്കുന്നു

ബുക്കിങ്ങിനായി 9447702870, 0481 257 26 70 എന്നീ നമ്പരുകളിൽ വിളിക്കുക





ആതിര അജിത്ത്
ഫീൽഡ് ഓഫീസർ

## കൊച്ചുഡോള റാഭപാറ

# ഒരു സമ്പൂർണ റബ്ബർഗ്രാമം

അസം സംസ്ഥാനത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ജില്ലയാണ് കോക്രാജാർ. ജില്ലയുടെ വടക്കുകിഴക്ക് ഭാഗം ഭൂട്ടാൻ രാജ്യത്തോടും പടിഞ്ഞാറൻ ഭാഗം പശ്ചിമബംഗാളിനോടും ചേർന്നുകിടക്കുന്നു. കോക്രാജാറിന്റെ ഒരു സബ് ഡിവിഷനാണ് പാർബത്ജോറ. 'ജോറ' എന്നാൽ, വനം എന്നാണ് അർത്ഥം. പേരു പോലെതന്നെ കൂടുതലും വനമേഖലയാണ്. 'ബോർഷിജോറ' എന്ന റെവന്യൂ ഫോറസ്റ്റ് ഗ്രാമത്തിൽ വരുന്ന ചെറിയൊരു ഗ്രാമമാണ് 'കൊച്ചുഡോള റാഭപാറ'. വനപ്രദേശത്തുള്ള ഉൾനാടൻ ഗ്രാമമായതിനാൽ വേണ്ട രീതിയിലുള്ള ശ്രദ്ധ ഈ ചെറിയ ഗ്രാമത്തിന് കിട്ടിയിട്ടുണ്ടായിരുന്നില്ല. എന്തിനധികം പറയുന്നു ഗൂഗിൾ മാപ്പ് പോലും ഈ ഗ്രാമത്തെ ഇതുവരെ കണ്ടെത്തിയിട്ടില്ല എന്നു വേണമെങ്കിൽ പറയാം!

'റാഭ' എന്നത് അസം-മേഘാലയ സംസ്ഥാനങ്ങളിലായി വസിച്ചുവരുന്ന ഒരു ഗോത്രവർഗവിഭാഗമാണ്. 'പാറ' എന്നാൽ 'ഗ്രാമം' എന്നാണ് അർത്ഥം. 'കൊച്ചുഡോള റാഭ പാറ'യിലുള്ളവർ അധികവും 'റാഭ' ഗോത്രത്തിൽപെട്ടവരാണ്. ഒപ്പം 'ഗാരോ' എന്ന ഗോത്രവർഗത്തിൽപെട്ടവരുമുണ്ട്. ഇരുകൂട്ടരും പതിറ്റാണ്ടുകളായി റബ്ബർ കൃഷി ചെയ്തുവരുന്നവരാണ്. മേഘാലയയിലെ ഗാരോ മലനിരകളിലാണ് റബ്ബർകൃഷി അധികമായും കണ്ടുവരുന്നത്. റാഭ ഗോത്രവും ഈ മലനിരകളിൽ താമസിക്കുന്നു. കാലാകാലങ്ങളായി അവർ ചെയ്തു വന്നിരുന്ന 'ജൂം' കൃഷിരീതി (shifting cultivation)യിൽ നിന്നും സ്ഥിരമായ കൃഷിരീതിയിലേക്ക് ചുവടുമാറ്റിയപ്പോൾ ഇവരിൽ പലരും മലനിരകളിൽ നിന്ന് മാറി ബ്രഹ്മപുത്രയുടെ വടക്കൻ തീരത്തുള്ള ഫലഭൂയിഷ്ഠമായ സ്ഥലത്ത് താമസിക്കാനും കൃഷിചെയ്യാനും ആരംഭിച്ചു. താരതമ്യേന സമതലമേഖലയായതിനാൽ നെൽകൃഷി ആണ് ആദ്യം ആരംഭിച്ചത്. റബ്ബർകൃഷിയിൽ ഗാരോ മലനിരകളിലെ





മുൻഗാമികളുടെ വിജയകഥകൾ അറിഞ്ഞിട്ടുള്ളതിനാൽ പതുക്കെ ഇവർ റബ്ബർകൃഷിയും ആരംഭിച്ചു.

കൊച്ചുഡോള റാഭപാറയിൽ റബ്ബർകൃഷി ആരംഭിച്ചിട്ട് അധികമായിട്ടില്ല. അയൽസംസ്ഥാനങ്ങളായ മേഘാലയയിലെ ഗാരോ മലനിരകളിലെയും ത്രിപുരയിലെയും വിജയകഥകളും 2010–12 കാലഘട്ടത്തിലെ റബ്ബറിന്റെ ഉയർന്ന വിലയും മറ്റുവിളകളെ അപേക്ഷിച്ച് റബ്ബറിന്റെ കുറഞ്ഞ കൃഷിച്ചെലവുമെല്ലാം പരമ്പരാഗതമായ കൃഷിരീതിയെ മാറ്റിനിർത്തി റബ്ബറിനെ സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു. റബ്ബറിൽനിന്ന് ലഭിക്കാവുന്ന വർഷങ്ങൾ നീണ്ടുനിൽക്കുന്ന സുസ്ഥിരമായ വരുമാനവും സാധാരണമായി കൃഷിചെയ്തുപോന്നിരുന്ന നാണ്യവിളയായ കവുങ്ങിനുണ്ടായ രോഗങ്ങളും ലാഭക്കുറവുമെല്ലാം അവരെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചു. ഒപ്പം റബ്ബർബോർഡിന്റെ തുടർച്ചയായ മാർഗനിർദ്ദേശങ്ങളും കാലാകാലങ്ങളായുള്ള മറ്റ് സാമ്പത്തികസഹായ പദ്ധതികളും റബ്ബർകൃഷിയിലേക്ക് ഇവരെ കൂടുതൽ ആകൃഷ്ടരാക്കി.

മേഘാലയയിൽ നിന്നും അസമിൽ തന്നെയുള്ള ഗോൾപാറ ജില്ലയിൽ നിന്നുമായി ഇവിടേക്ക് ഒട്ടുതൈക്കുറ്റികൾ (budded stumps) എത്തിച്ചായിരുന്നു ഇവർ ആദ്യമായി കൃഷി ആരംഭിച്ചത്. വളരെ കുറച്ച് ആളുകൾ മാത്രമായിരുന്നു തുടക്കത്തിൽ റബ്ബർ കൃഷിചെയ്തിരുന്നതെങ്കിലും 2021 മുതൽ റബ്ബർബോർഡും ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷനും (ATMA) ചേർന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കി വരുന്ന ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് (INROAD) പ്രോജക്ടിന്റെ വരവോടുകൂടി ഗ്രാമത്തിന്റെ ഭൂരിഭാഗത്തും ഇപ്പോൾ റബ്ബർകൃഷിയായി. സൗജന്യമായ റബ്ബർതൈവിതരണവും റബ്ബർ പ്ലാന്റേഷൻ ഡെവലപ്മെന്റ് സ്കീമിന്റെ കീഴിൽ നൽകിവരുന്ന സാമ്പത്തിക സഹായപദ്ധതിയും അവരെ കൂടുതൽ ആകർഷിച്ചു. ഇന്ന് ആ ചെറിയ ഗ്രാമത്തിലെ ഓരോ വീട്ടിലും റബ്ബർതൈകൾ നട്ടിട്ടുണ്ട്. കൂടുതൽ ചെറുപ്പക്കാർ റബ്ബർകൃഷിയിൽ താൽപര്യം കാണിക്കുന്നുമുണ്ട്. ഇൻറോഡ് (INROAD) പദ്ധതിയുടെ കീഴിൽ വിവിധ വർഷങ്ങളിൽ നടത്തിയ നടീലിന്റെ വിവരങ്ങൾ പട്ടിക 1–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക1 – ഇൻറോഡ് (INROAD) പദ്ധതിയുടെ കീഴിൽ വിവിധ വർഷങ്ങളിൽ നടത്തിയ നടീലിന്റെ വിവരങ്ങൾ**

| വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|
| 2021 (ഇൻറോഡ് 1) | 7.70 |
| 2022 (ഇൻറോഡ് 2) | 54.68 |
| 2023 (ഇൻറോഡ് 3) | 14.60 |
| ആകെ | 76.98 |

റബ്ബർബോർഡിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ചായിരുന്നു നടീൽ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നത്. ഇടത്തരം ചെരിവുള്ള ഭൂപ്രകൃതിയാണ് ഗ്രാമത്തിന്റെ പ്രത്യേകത. വളപ്രയോഗരീതികളും ഇടക്കാലപരിചരണമുറകളുമെല്ലാം റബ്ബർബോർഡിലെ ഉദ്യോഗസ്ഥർ അവരെ പഠിപ്പിച്ചു. എല്ലാവരുംതന്നെ ചെറുകിടകർഷകരാണ്. റബ്ബർമരങ്ങൾ വിളവെടുപ്പിന് പാകമായപ്പോൾ ഗ്രാമത്തിലെ ഏതാനും ചെറുപ്പക്കാർ അസമിലെ ഗോൾപാറ ജില്ലയിലെ ദാരങ്ഗിരിയിൽ റബ്ബർബോർഡ് നടത്തിയിരുന്ന ടാപ്പേഴ്സ് ട്രെയിനിങ് സ്കൂളിൽ നിന്നും 30 ദിവസത്തെ ടാപ്പിങ്പരിശീലനം പൂർത്തിയാക്കി. അതിനുശേഷമാണ് ഗ്രാമത്തിലെ മരങ്ങളിൽ ടാപ്പിങ്



*ഷീറ്റുനിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ*

ആരംഭിച്ചത്. പിന്നീട് ഗ്രാമത്തിലെ ചെറുകിടകർഷകർ ഒന്നിച്ച് പണം സ്വരൂപിച്ച് ഒരു റോളർ മെഷീൻ വാങ്ങി 'റബ്ബർഷീറ്റ് നിർമാണം' എന്ന രണ്ടാംഘട്ടത്തിലേക്ക് കടന്നു. ഒരുപക്ഷേ, അവർ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി മൂന്നാം ഘട്ടമായ വിപണനമായിരുന്നു. നിലവിൽ ഗ്രാമത്തിൽ ടാപ്പിങ്ങിന് പാകമായ 9.24 ഹെക്ടർ തോട്ടങ്ങളാണുള്ളത്. അവയിൽ നിന്ന് ഒരു വർഷം ഏകദേശം 11–13 ടൺ ഉത്പാദനം ഉണ്ട്.

റബ്ബർകൃഷിയിൽ വിജയം കൈവരിക്കുന്നത് കൂട്ടായ്മയുടെ ശക്തിയിലൂടെ ആണെന്ന് അവർ തിരിച്ചറിഞ്ഞു. വിപണനം സുഗമമാക്കാൻ 'കൊച്ചുഡോള റബ്ബർ പ്ലാന്റേഷൻ സൊസൈറ്റി' എന്ന ചെറിയൊരു സംഘടന തുടക്കത്തിൽ ഇവർ ആരംഭിച്ചിരുന്നു. തുടർന്ന്, റബ്ബർബോർഡ് നിർദേശിച്ച എല്ലാ മാനദണ്ഡങ്ങളും അനുസരിച്ച് ഗ്രാമത്തിലെ എല്ലാവരും ചേർന്ന് 2022-ൽ നിലവിലുണ്ടായിരുന്ന സൊസൈറ്റിയെ വിപുലീകരിച്ച് 'കൊച്ചുഡോള റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി'യായി രജിസ്റ്റർ ചെയ്തു. അങ്ങനെ അവർ ഒരുമിച്ച് റബ്ബർഷീറ്റുകൾ വിപണിയിൽ എത്തിച്ചു. ഭൂരിഭാഗവും ചെറുകിടകർഷകർ ആയതിനാൽ ഈ കൂട്ടായ്മ വിജയം കണ്ടു.

ടാപ്പിങ്ങിന് പാകമായ തോട്ടങ്ങളെക്കാൾ തൈത്തോട്ടങ്ങളാണ് ഇപ്പോൾ ഗ്രാമത്തിൽ കൂടുതലുള്ളത്. അതുകൊണ്ടുതന്നെ വരുംനാളുകളിൽ അവർക്കുള്ള ഉത്തരവാദിത്വങ്ങളും കൂടുതലായിരിക്കും. തീരെ ഉൾഗ്രാമം ആയതിനാൽ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ അവിടെ കുറവാണ്. അത് വിപണനത്തെയും ബാധിച്ചേക്കാം. നിലവിൽ സൊസൈറ്റിയുടെ കീഴിൽ ഒറ്റക്കെട്ടായി അവർ മുന്നേറുന്നുണ്ടെങ്കിലും വരുംനാളുകളിൽ ടാപ്പിങ്ങിന് പാകമായ തോട്ടങ്ങളുടെ എണ്ണം കൂടുമ്പോൾ വിപണനം മെച്ചപ്പെടുത്താൻ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വേണ്ടിവരും.

ആദ്യകാലങ്ങളിൽ ടാപ്പിങ്പരിശീലനം ലഭിച്ച നനിൽ കുമാർ റാഭ സ്വന്തം ഗ്രാമത്തിലും മറ്റു ഗ്രാമങ്ങളിലും ടാപ്പിങ്തൊഴിലാളിയായി ജീവിതമാർഗം കണ്ടെത്തുന്നു. റബ്ബർബോർഡിന്റെ കാജൽഗാവ് റീജിയണൽ ഓഫീസ് സംഘടിപ്പിച്ച 'ടാപ്പേഴ്സ് ഇന്റൻസീവ് സ്കിൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ' (ടിസ്പ് - TISP) ഭാഗമായി ദിവസവേതനത്തിന് ടാപ്പിങ്പരിശീലകനായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഭക്ഷണത്തിനും പാർപ്പിടങ്ങൾ നിർമിക്കുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ ലഭ്യതയ്ക്കുമെല്ലാം റബ്ബർകൃഷി അവരെ സഹായിച്ചു. ഇൻറോഡ് (INROAD) നാലാം വർഷത്തിലേക്ക് ചുവട് വെയ്ക്കുമ്പോൾ 'കൊച്ചുഡോള റാഭപാറ ഗ്രാമീണക്കമ്മിറ്റി'യുടെ കീഴിൽ വരുന്ന വലിയൊരു ഭൂപ്രദേശത്ത് റബ്ബർ നടാൻ ഒരുങ്ങുകയാണ് അവർ. ഇത്തവണ ഗ്രാമീണർക്ക് മറ്റൊരു ലക്ഷ്യം കൂടെയുണ്ട്. അസമിലെ ജനത കാലാകാലങ്ങളായി അനുഭവിച്ചുവരുന്ന ഒരു പ്രശ്നമാണ് ഭൂമി കയ്യേറ്റവും കുടിയേറിപാർക്കലും. ഗ്രാമീണക്കമ്മിറ്റിയുടെ വക ഗ്രാമത്തിന്റെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന സ്ഥലം കുടിയേറ്റ ഭീഷണിയിലാണ്. റബ്ബർ ഒരു ദീർഘകാലവിളയായതിനാൽ അവ നട്ട് ഗ്രാമത്തിന്റെ സ്ഥലത്തെ സംരക്ഷിക്കാനാകുമെന്ന് അവർ വിശ്വസിക്കുന്നു.

കൊച്ചുഡോള റാഭപാറ ഇപ്പോൾ ഒരു സമ്പൂർണ റബ്ബർഗ്രാമം എന്ന തലക്കെട്ടിനോട് പൂർണമായും യോജിച്ചിരിക്കുന്നു. റബ്ബർ എന്ന വിള ഒരു ജനതയുടെ എല്ലാത്തരം വികസനത്തിനും ഇന്ന് വഴിയൊരുക്കുകയാണ്. ഒരുപക്ഷേ, മറ്റൊരു നാണ്യവിളയും റബ്ബറിനെപ്പോലെ മനുഷ്യരാശിയെ ഇത്രയധികം സാമ്പത്തികമായും സാമൂഹികമായും സ്വാധീനിച്ചിട്ടുണ്ടാകില്ല എന്ന് 'കൊച്ചുഡോള റാഭപാറ' നമുക്ക് കാണിച്ചുതരുന്നു. •

# കാർഷികസെമിനാർ



നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും (എൻ.ഐ.ആർ.റ്റി.) റബ്ബർബോർഡിന്റെ തളിപ്പറമ്പ് റീജിയണൽ ഓഫീസും മുലോത്തുകുന്ന് റബ്ബറുത്പാദകസംഘവും ചേർന്ന് കർഷകർക്കായി ഒരു ദിവസത്തെ കാർഷികസെമിനാർ തേർത്തല്ലി ഡ്രീംലാൻഡ് ആഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. ആലക്കോട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജോജി കന്നിക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. മുലോത്തുകുന്ന് റബ്ബറുത്പാദകസംഘം പ്രസിഡന്റ് മാത്യു കെ.ജെ.-യുടെ അധ്യക്ഷതയിൽ നടന്ന സെമിനാറിൽ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്) രാധാമണി എം. ആമുഖപ്രസംഗം നടത്തി. തുടർന്ന് റവ. ഫാദർ ജോയി മാത്തിമ്യാലിൽ അനുഗ്രഹപ്രഭാഷണവും പഞ്ചായത്തംഗം ജോസ് വട്ടമല ആശംസാപ്രസംഗവും



നടത്തി. രോഗങ്ങളും നിവാരണമാർഗങ്ങളും, ക്രൗൺ ബഡ്ഡിങ് എന്നീ വിഷയങ്ങളെക്കുറിച്ച് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. ഷാജി ഫിലിപ്പ്, എഡ്വിൻ പ്രേം ഇ. എന്നിവർ ക്ലാസ്സുകൾ എടുത്തു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ നടക്കുന്ന വിവിധ പരിശീലനപരിപാടികളെക്കുറിച്ച് എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്) എ.ജെ. ജോസ് വിശദീകരിച്ചു. റബ്ബർ സോയിൽ ഇൻഫർമേഷൻ സിസ്റ്റം (RubSIS), റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) എന്നിവയെക്കുറിച്ച് കെ.റ്റി. രാജു (ഡെവലപ്മെന്റ് ഓഫീസർ -ഇൻചാർജ്) വിശദീകരിച്ചു. കാഞ്ഞങ്ങാട് റബ്ബേഴ്സിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് മാനേജിങ് ഡയറക്ടർ തോമസ് സഖറിയ സംസാരിച്ചു. ഇന്ത്യൻ ഓയിൽ കോർപറേഷൻ, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നിവയിൽ നിന്നുള്ള ഉദ്യോഗസ്ഥർ വിവിധ വിഷയങ്ങളെക്കുറിച്ച് കർഷകരുമായി ചർച്ചകൾ നടത്തി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന 'സ്മാം' പദ്ധതിയിൽ ഉൾപ്പെടുന്ന കാർഷികോപകരണങ്ങളുടെ പ്രദർശനവും സെമിനാറിൽ നടന്നു. അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ജയകുമാർ കെ.വി. യോഗത്തിൽ കൃതജ്ഞത പറഞ്ഞു.

തയ്യാറാക്കിയത് :
എ.ജെ. ജോസ്, ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്)

# 'വികസിത് ഭാരത് സങ്കൽപ് യാത്ര' വൈക്കം താലൂക്കിൽ



കെ.ചന്ദ്രലേഖ സംസാരിക്കുന്നു




റബ്ബർബോർഡിന്റെ പ്രദർശനസ്റ്റാൾ

ഭാരതസർക്കാരിന്റെ വികസനക്ഷേമപദ്ധതികൾ സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച 'വികസിത് ഭാരത് സങ്കൽപ് യാത്ര' 2024 ജനുവരി 4-ന് രാവിലെ വെള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ റവ. ഫാദർ മാത്യു കണ്ണാലയിൽ (ഹോളിഫാമിലി ചർച്ച്, വെള്ളൂർ) ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചീഫ് മാനേജർ (അഗ്രി.) കെ. ഉഷാകുമാരി അദ്ധ്യക്ഷത വഹിച്ചു. സ്വാഗതപ്രാസംഗികനും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.)യുടെ വെള്ളൂർ ശാഖയിലെ മാനേജരുമായ രഞ്ജിത് രാജ് 'സങ്കൽപ്' പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കുമരകം കൃഷിവിജ്ഞാനകേന്ദ്രത്തിലെ (കെ.വി.കെ.) അസിസ്റ്റന്റ് പ്രൊഫസർ ഡോ. ധന്യ, റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ കെ. ചന്ദ്രലേഖ, ഫാക്ട് പ്രതിനിധി അലീന ചാക്കോ എന്നിവർ ക്ലാസ്സുകളെടുത്തു. വെള്ളൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് നിഖിതകുമാർ പൊതുപ്രവർത്തകരായ ബിജു കുമാർ പി.ജി., ബിനേഷ് കുമാർ പി.സി. എന്നിവർ ആശംസകൾ അറിയിച്ചു. മുതിർന്ന പൗരനായ പി.പി. ഉണ്ണിക്കൃഷ്ണനെ ചടങ്ങിൽ ആദരിച്ചു. വെള്ളൂർ എസ്.ബി.ഐ. മുഖേന ലഭിച്ച വിവിധ വായ്പാസൗകര്യങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച പി.വി. കുര്യാക്കോസ് തന്റെ അനുഭവം അവതരിപ്പിച്ചു. റബ്ബർബോർഡ്, കവണാർ ലാറ്റക്സ് ലിമിറ്റഡ്, ജൻഔഷധി എന്നിവയുടെ പ്രദർശനസ്റ്റാളുകളും പൊതുജനശ്രദ്ധ പിടിച്ചുപറ്റി. കാർഷികമേഖലയിൽ നവീന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർക്കായി 'ഡ്രോൺ' പ്രദർശനവും ഉണ്ടായിരുന്നു.



ഉച്ചകഴിഞ്ഞ് ചെമ്പ് ഗ്രാമപ്പഞ്ചായത്തിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം പൊതുപ്രവർത്തകനായ ബിജുകുമാർ പി.ജി. നിർവഹിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചീഫ് മാനേജർ (അഗ്രി.) കെ. ഉഷാകുമാരി അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ ഗൗതം പ്രദീപ് (മാനേജർ, കാനറാ ബാങ്ക്, ബ്രഹ്മമംഗലം) സ്വാഗതം പറയുകയും 'സങ്കൽപ്' പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. ഡോ. ധന്യ (കെ.വി.കെ. കുമരകം), അലീന ചാക്കോ (എഫ്.എ.സി.റ്റി.), കെ. ചന്ദ്രലേഖ (അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ, റബ്ബർബോർഡ്) എന്നിവർ വിവിധ പദ്ധതികളെക്കുറിച്ചും പരിശീലനപരിപാടികളെക്കുറിച്ചും സംസാരിച്ചു. മികച്ച കർഷകരെയും വിവിധ ഗുണഭോക്താക്കളെയും ചടങ്ങിൽ ആദരിച്ചു. സാമ്പത്തിക സാക്ഷരതാവിദഗ്ധരും ചടങ്ങിൽ പങ്കെടുത്തു.

അർഹതയുള്ള ദുർബലരായ ആളുകളിലേക്ക് കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികൾ എത്തിക്കുക, സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളുമായി അനുഭവം പങ്കിടലിലൂടെ ആശയവിനിമയം നടത്തുക, പ്രധാനമന്ത്രി സുരക്ഷാ ബീമായോജന (PMSBY), പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമായോജന (PMJJBY) എന്നീ സാമൂഹിക സുരക്ഷാപദ്ധതികളിൽ സാധ്യതയുള്ള ഗുണഭോക്താക്കളെ ചേർക്കുക എന്നിവയും ഈ യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആണ്.

തയ്യാറാക്കിയത് :
കെ. ചന്ദ്രലേഖ, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# GOLDEN TOUCH®



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** – **ALUMINIUM DISH**

**GOLDEN TOUCH®** – **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC Estd. 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

# ബളാൽ റബ്ബറുത്പാദകസംഘം ഉദ്ഘാടനം ചെയ്തു




മംഗലാപുരം റീജിയണൽ ഓഫീസ് പരിധിയിൽ ബൽത്തങ്ങാടി ഫീൽഡ് ഓഫീസിന്റെ കീഴിൽ ബളാൽ ആസ്ഥാനമായി ഉജിരെ, ബളാൽ, കൊയ്യൂർ, ബന്താരു എന്നീ വില്ലേജുകളിലെ 103 കർഷകരെ പങ്കെടുപ്പിച്ച് പുതു തായി ഒരു റബ്ബർകർഷകസംഘം രൂപവത്കരിച്ചു.

പ്രസ്തുത സംഘത്തിന്റെ ഉദ്ഘാടനം ബൽത്തങ്ങാടി താലൂക്ക് റബ്ബർ ഗ്രോവേഴ്സ് മാർക്കറ്റിങ് ആന്റ് പ്രോസസ്സിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് പ്രസിഡന്റ് ശ്രീധർ ജി. ബിഡെ നിർവഹിച്ചു. റബ്ബർ ബോർഡിന്റെ വിവിധ പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ കൃത്യസമയത്ത് കർഷകരിലേക്ക് എത്തിക്കാൻ റബ്ബറുത്പാദകസംഘം അത്യാവശ്യമാണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു.



റബ്ബറിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരവികസനം സാധ്യമാക്കുന്നതിനും സംഘത്തിന്റെ പ്രാധാന്യം വലുതാണെന്ന് ഉദ്ഘാടനസമ്മേളനത്തിൽ സംസാരിച്ച റബ്ബർബോർഡിന്റെ മംഗലാപുരം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ടി.പി. ഷീജ പറഞ്ഞു. ബളാൽ കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ബാങ്ക് പ്രസിഡന്റും റബ്ബറുത്പാദകസംഘത്തിന്റെ ഭരണസമിതിയംഗവുമായ പദ്മ ഗൗഡ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. റബ്ബർബോർഡിന്റെ നിലവിലുള്ള പദ്ധതികളെക്കുറിച്ചും പരിശീലനപരിപാടികളെക്കുറിച്ചും അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ രോഷ്നി പി. സംസാരിച്ചു. സംഘത്തിന്റെ പ്രസിഡന്റ് ദാമോദർ ഗൗഡ സ്വാഗതവും വൈസ് പ്രസിഡന്റ് വിജയ ഗൗഡ കൃതജ്ഞതയും പറഞ്ഞു.

തയ്യാറാക്കിയത് :
രോഷ്നി പി., അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ



# മാർച്ച് മാസത്തെ കൃഷിപ്പണികൾ

ടാപ്പിങ്ങിന് പാകമായ മരങ്ങൾ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്. ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റിമീറ്റർ ഉയരത്തിൽ 50 സെന്റിമീറ്റർ വണ്ണമെത്തിയ മരങ്ങൾ ടാപ്പുചെയ്തു തുടങ്ങാം. തോട്ടത്തിലെ 70 ശതമാനം മരങ്ങളും വണ്ണമെത്തിയശേഷം ടാപ്പിങ് തുടങ്ങുന്നതാണ് ആദായകരം.



**നഴ്സറിയിൽ**

നഴ്സറിയിലെ തൈകൾ നാലുദിവസത്തിലൊരിക്കലെങ്കിലും നനയ്ക്കണം. നഴ്സറി പല ഭാഗങ്ങളായി തിരിച്ച് രാവിലെയും വൈകിട്ടും മാറി മാറി നനയ്ക്കാവുന്നതാണ്. കൂടത്തൈനഴ്സറിയിൽ കളയെടുപ്പു നടത്തുകയും തൈകളുടെ ഒട്ടുകണ്ണിൽനിന്നല്ലാതെയുള്ള കിളിർപ്പുകൾ മുറിച്ചുനീക്കുകയും വേണം. മൂർച്ചയുള്ള ഒരു കത്തിയോ ബ്ലേഡോ ഉപയോഗിച്ചു വേണം കിളിർപ്പുകൾ മുറിച്ചുമാറ്റാൻ. തൈകളുടെ ഒരു തട്ട് ഇലകൾ മൂപ്പെത്തിയിട്ടുണ്ടെങ്കിൽ വളം ചേർക്കാം. ഇനിയും ഒട്ടുകണ്ണ് മുളയ്ക്കാത്ത തൈകളിൽ ഒട്ടുകണ്ണ് (ഉണങ്ങിപ്പോയിട്ടില്ലെങ്കിൽ) കിളിർപ്പിക്കാവുന്നതാണ്. ഇതിനായി തൈക്കുറ്റിയിൽ ഒട്ടുകണ്ണിന്റെ മുകളിലായി മൂർച്ചയുള്ള ഒരു കത്തി ഉപയോഗിച്ച് ചുറ്റിലും തടി വരെ ആഴത്തിൽ മുറിയത്തക്കരീതിയിൽ വരഞ്ഞാൽ മതിയാകും.

നഴ്സറിയിലെ തൈകളിൽ പൊടിക്കുമിൾരോഗം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അവയുടെ തളിരിലകളിൽ ഗന്ധകപ്പൊടി വിതറിക്കൊടുക്കുകയോ വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം (രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുകയോ കാർബെൻഡാസിം ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുകയോ ചെയ്യണം. തൈകളിൽ ഇലപ്പുള്ളിരോഗം കാണുന്നുവെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം.





### കൃഷിയിടത്തിൽ

തോട്ടത്തിലെ തൈകളിൽ നിലനിരപ്പിൽനിന്ന് രണ്ടര മീറ്ററിൽ താഴെയുണ്ടാകുന്ന ശാഖകൾ നീക്കം ചെയ്യണം. കിളിർപ്പുകൾ വരുമ്പോൾതന്നെ മൂർച്ചയുള്ള കത്തി ഉപയോഗിച്ച് മുറിച്ചുനീക്കണം.

ടാപ്പിങ്ങിന് പാകമായ മരങ്ങൾ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്. ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരത്തിൽ 50 സെന്റീമീറ്റർ വണ്ണമെത്തിയ മരങ്ങൾ ടാപ്പുചെയ്തു തുടങ്ങാം. തോട്ടത്തിലെ 70 ശതമാനം മരങ്ങളും വണ്ണമെത്തിയശേഷം ടാപ്പിങ് തുടങ്ങുന്നതാണ് ആദായകരം. ടാപ്പിങ്ങുകാരന് മരത്തിന്റെ എണ്ണക്കുറവ് പ്രശ്നമല്ലാതിരിക്കുന്ന സാഹചര്യത്തിലും ഉടമ സ്വന്തമായി ടാപ്പുചെയ്യുന്ന സാഹചര്യത്തിലും വണ്ണമെത്തിയ മരങ്ങൾ മാത്രം തെരഞ്ഞെടുത്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്.

വേനൽക്കാലവിശ്രമത്തിനായി ടാപ്പിങ് നിർത്തിയിരുന്ന തോട്ടങ്ങളിൽ ഇപ്പോൾ ടാപ്പിങ് പുനരാരംഭിക്കാം. ടാപ്പിങ് പുനരാരംഭിക്കുന്ന തോട്ടങ്ങളിലും തുടരുന്ന തോട്ടങ്ങളിലും ചില്ലും ചിരട്ടയും (പ്ലാസ്റ്റിക് കപ്പ്) മറ്റും വൃത്തിയാക്കാനുള്ള സമയവും ഇതുതന്നെ. പുകപ്പുരയിലും സംസ്കരണശാലയിലും ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തണം.

അടുത്ത മഴക്കാലത്തിനുമുമ്പായി തോട്ടങ്ങളിൽ മരുന്നുതളി നടത്തേണ്ടതുള്ളതിനാൽ സ്പ്രേയറുകൾ നന്നാക്കുക. കുമിൾനാശിനി, സ്പ്രേ ഓയിൽ തുടങ്ങിയവ സംഭരിക്കുക തുടങ്ങിയവയ്ക്കാവശ്യമായ ഒരുക്കങ്ങൾ തുടങ്ങിവയ്ക്കാം. അതുപോലെതന്നെ അടുത്ത



*ഫയർബെൽറ്റ് നിർമാണം*

സീസണിലേക്കാവശ്യമായ റെയിൻഗാർഡിങ്ങിനുള്ള സാമഗ്രികളും ഉത്തേജകൗഷധങ്ങളും സംഭരിക്കാനുള്ള നടപടികളും തുടങ്ങാം. ഈ തയ്യാറെടുപ്പുകൾ ഒക്കെയും ശരിയായ സമയത്തു പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ റെയിൻഗാർഡിങ്ങും മരുന്നുതളിയുമൊക്കെ യഥാസമയം ചെയ്യാൻ പറ്റാതെ വരികയും അത് പലപ്പോഴും ആദായനഷ്ടത്തിനിടയാക്കുകയും ചെയ്യും.

### ഫയർബെൽറ്റ്

വേനൽകാലത്ത് റബ്ബർതോട്ടങ്ങളിലേക്ക് തീ പടരാതിരിക്കുന്നതിന് നിർമിച്ചിട്ടുള്ള ഫയർബെൽറ്റുകളിൽ വീണിട്ടുള്ള കരിയിലകൾ ഇടയ്ക്കിടയ്ക്ക് തൂത്ത് വൃത്തിയാക്കിയിടണം. തോട്ടത്തിന് പുറമേ തീ പടർന്നാലും അത് തോട്ടത്തിനകത്തേക്ക് എളുപ്പം വ്യാപിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. തോട്ടത്തിനോട് ചേർന്നുള്ള വഴിയരികിൽ തീപിടുത്തം സംബന്ധിച്ച മുന്നറിയിപ്പുബോർഡുകൾ വയ്ക്കുന്നതും നല്ലതാണ്.

### മണ്ണുപരിശോധന

വളം ചേർക്കുന്നതിനു മുന്നോടിയായി തോട്ടത്തിലെ മണ്ണുപരിശോധിക്കുന്നത് നന്നായിരിക്കും അങ്ങനെയെങ്കിൽ തോട്ടത്തിലെ മണ്ണുപരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിനു പറ്റിയ സമയവും മാർച്ചുമാസം തന്നെ.

അടുത്ത നടീൽകാലത്ത് ആവർത്തനക്കൃഷിയും പുതുക്കൃഷിയും ചെയ്യാനുദ്ദേശിക്കുന്നവർക്ക് അതിനുള്ള ഒരുക്കങ്ങൾ തുടങ്ങാം. പഴയ റബ്ബർമരങ്ങളും തൈകളുടെ വളർച്ചയെ ബാധിച്ചേക്കാവുന്ന മറ്റു മരങ്ങളും മുറിച്ചുനീക്കണം.

കൃഷിയിടത്തിൽ നിശ്ചിത അകലത്തിൽ കുഴികളുടെ സ്ഥാനം അടയാളപ്പെടുത്തി നിരകൾ എടുക്കണം. ഒന്നുരണ്ടു മഴ ലഭിച്ചാലുടനെ കുഴികളെടുത്തു തുടങ്ങാം.

തോട്ടത്തിലൂടെയുള്ള വഴികളും നടപ്പാതകളും തെളിക്കാനും ശ്രദ്ധിക്കണം. യന്ത്രസഹായത്താൽ കുഴികളെടുത്താൽ ചെലവ് കുറയ്ക്കാം. കുഴിയെടുപ്പ് പൂർത്തിയായാലുടൻ ഇടക്കയ്യാലകളോ ബണ്ടുകളോ കേടുപോക്കേണ്ടതുണ്ടെങ്കിൽ അതും പൂർത്തിയാക്കണം. മണ്ണു-ജലസംരക്ഷണത്തിനുള്ള ജോലികളും തുടങ്ങിവയ്ക്കാം. •



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ–ഇൻ പരിപാടികളിൽ 'റബ്ബറിലെ ക്രൗൺബഡ്ഡിങ്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ്, 'റബ്ബറിലെ മഞ്ഞുകാലരോഗങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എഡ്വിൻ പ്രേം ഇ., 'തേനീച്ചവളർത്തലും തേൻവിളവെടുപ്പും' എന്ന വിഷയത്തിൽ തേനീച്ചവളർത്തൽ വിദഗ്ധനായ ബിജു ജോസഫ് എന്നിവർ കർഷകരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറിലെ ക്രൗൺബഡ്ഡിങ്

1. ***ക്രൗൺബഡ്ഡിങ് എന്നാൽ എന്താണ്? റബ്ബർതൈകളിൽ എത്ര ഉയരത്തിലാണ് ക്രൗൺബഡ്ഡിങ് നടത്തേണ്ടത്?***

   രോഗപ്രതിരോധശേഷിയുള്ള ഇലച്ചില്ലുകൾ പ്രദാനം ചെയ്യുന്ന റബ്ബറിനങ്ങളുടെ ഒട്ടുകണ്ണ് ഉയർന്ന ഉത്പാദനശേഷിയുള്ള ഇനങ്ങളിൽ ബഡ്ഡുചെയ്തു പിടിപ്പിക്കുന്ന രീതിയാണ് ക്രൗൺബഡ്ഡിങ്. രണ്ടര മുതൽ മൂന്ന് വരെ മീറ്റർ ഉയരത്തിലാണ് ക്രൗൺ ബഡ്ഡിങ് നടത്തേണ്ടത്. ക്രൗൺബഡ്ഡ് ചെയ്ത ഒരു മരത്തിൽ മൂന്നുതരം റബ്ബറിനങ്ങളാണുണ്ടാകുക. വിത്തിൽനിന്ന് വരുന്ന റൂട്ട് സ്റ്റോക്ക്, ഉയർന്ന ഉത്പാദനശേഷിയുള്ള റബ്ബറിനത്തിന്റെ തായ്ത്തടി, ഇലരോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള ഇനത്തിന്റെ ഇലഭാഗം എന്നിവ ഉണ്ടായിരിക്കും.

2. ***ഏതെല്ലാം രോഗങ്ങളെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഉപകരിക്കും?***

   അകാലിക ഇലകൊഴിച്ചിൽ, *കൊളറ്റോട്രിക്കം, കൊറിനിസ്പോറ* എന്നീ ഇലരോഗങ്ങളെ പ്രതിരോധിക്കാൻ ക്രൗൺബഡ്ഡിങ് ഉപകരിക്കും.

3. ***സാധാരണ ബഡ്ഡിങ്ങും ക്രൗൺബഡ്ഡിങ്ങും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണ് ?***

   സാധാരണ ബഡ്ഡിങ് നടത്തുന്നത് ചെറുതൈകളിൽ നിലനിരപ്പിന് തൊട്ടു മുകളിലാണ്. എന്നാൽ, ക്രൗൺ ബഡ്ഡിങ് വലിയ തൈകളിൽ രണ്ടര മുതൽ മൂന്നു വരെ മീറ്റർ ഉയരത്തിലാണ് ചെയ്യേണ്ടത്. ഇലരോഗങ്ങളെ ചെറുക്കാൻ ശേഷിയുള്ള എഫ്.എക്സ്. 516 എന്ന റബ്ബറിനത്തിന്റെ ബഡ്ഡുവുഡ്ഡാണ് ബഡ്ഡിങ്ങിനായി ഉപയോഗിക്കേണ്ടത്.

4. ***ഏതൊക്കെയിനങ്ങളിൽ ക്രൗൺബഡ്ഡിങ് നടത്താം?***

   ഇന്ന് നടീലിനായി ശുപാർശ ചെയ്തിരിക്കുന്ന എല്ലായിനങ്ങളിലും ക്രൗൺബഡ്ഡിങ് ചെയ്യാം. ഉപയോഗിക്കുന്ന ക്രൗൺ എഫ്.എക്സ്. 516 എന്നയിനം ആയിരിക്കണമെന്നുമാത്രം.

5. ***ഡിസംബർ-ജനുവരി മാസങ്ങളിൽ റബ്ബറിന്റെ സ്വാഭാവിക ഇലകൊഴിച്ചിൽ സമയത്ത് ഉണ്ടാകാറുള്ള ഉത്പാദനക്കുറവ് പരിഹരിക്കാൻ ക്രൗൺബഡ്ഡിങ് ഉപകരിക്കുമോ?***

   ക്രൗൺബഡ്ഡിങ്ങിനുപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിൽ ഭാഗികമായി മാത്രമേ സ്വാഭാവിക ഇലകൊഴിച്ചിൽ ഉണ്ടാകാറുള്ളു. ആയതിനാൽ ഇലകൊഴിച്ചിൽ മൂലമുണ്ടാകുന്ന ഉത്പാദനക്കുറവ് പരിഹരിക്കാൻ എഫ്.എക്സ്. 516 എന്ന ഇനം ഉപയോഗിച്ചുള്ള ക്രൗൺബഡ്ഡിങ് ഉപകരിക്കും.

6. ***എന്റെ തോട്ടത്തിൽ രണ്ടുവർഷം പ്രായമായ ആർആർഐഐ 430 ഇനത്തിൽപ്പെട്ട റബ്ബർതൈകൾ ആണുള്ളത്. ഇവയിൽ ക്രൗൺബഡ്ഡിങ് നടത്താൻ താത്പര്യപ്പെടുന്നു. ഇതിനുവേണ്ട സാങ്കേതികസഹായം എവിടെനിന്ന് ലഭിക്കും?***

   ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പ്ലാന്റ് പതോളജി വിഭാഗത്തിൽ നിന്നും ഇതിനു വേണ്ട സാങ്കേതികസഹായങ്ങൾ ലഭിക്കും. എഫ്. എക്സ്. 516 ഇനത്തിന്റെ ബഡ്ഡുവുഡ് മീറ്ററിന് 20 രൂപ നിരക്കിൽ റബ്ബർബോർഡിന്റെ കരിക്കാട്ടൂരിൽ ഉള്ള സെൻട്രൽ നഴ്സറിയിൽ നിന്ന് ലഭിക്കും.

7. ***ക്രൗൺബഡ്ഡിങ് ഏതൊക്കെ തരത്തിൽ ചെയ്യാമെന്ന് വിവരിക്കാമോ?***

   പ്രധാനമായും രണ്ടു രീതിയിൽ ക്രൗൺബഡ്ഡിങ് നടത്താം. നഴ്സറി ക്രൗൺബഡ്ഡിങ്, ഫീൽഡ് ക്രൗൺ ബഡ്ഡിങ് എന്നിവയാണവ. ബഡ്ഡുതൈകൾ വലിയ പോളിബാഗിൽ രണ്ടര മുതൽ മൂന്നു വരെ മീറ്റർ ഉയര




*ഡോ. ഷാജി ഫിലിപ്പ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

മാകുന്നതുവരെ (18–20 മാസം) വളർത്തിയശേഷം ബഡ്ഡുചെയ്യുന്ന രീതിയാണ് നഴ്സറി ക്രൗൺബഡ്ഡിങ്. ബഡ്ഡുതൈകൾ തോട്ടത്തിൽ നട്ട് രണ്ടര മുതൽ മൂന്നു വരെ മീറ്റർ വളർത്തിയശേഷം ബഡ്ഡുചെയ്യുന്ന രീതിയാണ് ഫീൽഡ് ക്രൗൺബഡ്ഡിങ്.

8. ***ക്രൗൺബഡ്ഡിങ് നടത്തുമ്പോൾ ഒരു തൈയിൽ എത്ര ഭാഗത്ത് ബഡ്ഡുചെയ്യാൻ സാധിക്കും?***

ക്രൗൺബഡ്ഡിങ് നടത്തുമ്പോൾ ഒരു തൈയിൽ രണ്ട് മുകുളങ്ങൾ വരെ ബഡ്ഡുചെയ്യാൻ സാധിക്കും. ആദ്യത്തെ മുകുളം രണ്ടര മീറ്ററിലും രണ്ടാമത്തെ മുകുളം മൂന്നുമീറ്ററിലും എതിർദിശകളിൽ വെച്ച് ബഡ്ഡുചെയ്യാം.

9. ***ക്രൗൺബഡ്ഡിങ് ചെയ്ത തൈകൾക്ക് കൊടുക്കേണ്ട പ്രത്യേക പരിചാരണങ്ങൾ എന്തെല്ലാമാണ്?***

ഇടകലർന്ന മഴയും മണ്ണിൽ ഈർപ്പവും ഉള്ളപ്പോഴാണ് ക്രൗൺബഡ്ഡിങ് നടത്താൻ യോജിച്ച സമയം. ബഡ്ഡുചെയ്ത് മൂന്നാഴ്ചകൾക്കുശേഷം പോളിത്തീൻ നാട നീക്കം ചെയ്യണം. ബഡ്ഡിങ് വിജയിച്ചു എന്ന് ഉറപ്പുവരുത്തിയ തൈകളുടെ ഒട്ടുകണ്ണിൽ നിന്ന് 12–15 സെ.മീ. ഉയരത്തിൽ വെച്ച് മുകൾഭാഗം മുറിച്ചുമാറ്റി ബഡ്ഡുമുകുളത്തെ വളരാൻ അനുവദിക്കുന്നു. ഈ സമയം വശങ്ങളിൽ നിന്നും വളർന്നു വരുന്ന മുകുളങ്ങൾ മുറിച്ചുനീക്കണം. ബഡ്ഡ് മുളച്ച് ഇല മൂപ്പെത്തുന്നതുവരെ പ്രത്യേക പരിചരണം ആവശ്യമാണ്. കൂടാതെ, മുളച്ചുവരുന്ന ബഡ്ഡുമുകുളങ്ങളിൽ പക്ഷികൾ വന്നിരുന്ന് മുകുളങ്ങൾ ഒടിഞ്ഞു പോകാതെയും ശ്രദ്ധിക്കണം.

10. ***ക്രൗൺബഡ്ഡിങ് നടത്താൻ വിദഗ്ധരായ ബഡ്ഡിങ് തൊഴിലാളികളെ എവിടെ ലഭിക്കും?***

റബ്ബർബോർഡിന്റെ നഴ്സറികളിലെയോ മറ്റ് പരമ്പരാഗത നഴ്സറികളിലെയോ ബഡ്ഡിങ് തൊഴിലാളികളുടെ സേവനം ക്രൗൺബഡ്ഡിങ്ങിനായി പ്രയോജനപ്പെടുത്താം.

## റബ്ബറിലെ മഞ്ഞുകാലരോഗങ്ങൾ

1. ***റബ്ബറിനെ ബാധിക്കുന്ന പ്രധാന മഞ്ഞുകാലരോഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?***

മഞ്ഞുകാലത്ത് റബ്ബറിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ പൊടിക്കുമിൾ രോഗവും *കൊറിനിസ്പോറ*രോഗവുമാണ്. എല്ലാ പ്രായത്തിലുമുള്ള റബ്ബർ മരങ്ങളുടെയും തളിരിലകളെയാണ് പൊടിക്കുമിൾ രോഗം ബാധിക്കുന്നത്. കുമിളിന്റെ രേണുക്കൾ ഇലപ്പരപ്പിൽ വെളുത്ത പൊടിപോലെ പാടുകളായി പറ്റിപ്പിടിച്ചിരിക്കുന്നത് കാണാം. രോഗം ബാധിച്ച ഇലകൾ കരിഞ്ഞ് ചുരുങ്ങുകയും പിന്നീട് കൊഴിഞ്ഞുപോകുകയും ചെയ്യും. ഇലത്തണ്ടുകൾ കൊഴിയാതെ കുറ്റിച്ചൂലുപോലെ കുറേദിവസം മരങ്ങളിൽ നിൽക്കുന്നതായി കാണാം.

റബ്ബർമരങ്ങളുടെ തളിരിലകളെ ബാധിക്കുന്ന മറ്റൊരു രോഗമാണ് *കൊറിനിസ്പോറ* ഇലരോഗം. സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം പുതിയ ഇലകൾ കിളിർക്കുന്ന സമയത്താണ് ഈ രോഗം ആരംഭിക്കുന്നത്. എല്ലാ പ്രായത്തിലുമുള്ള ഇലകളെയും രോഗം ബാധിക്കും. ആദ്യമായി ഇലകളിൽ തവിട്ടു നിറമുള്ള ചെറിയ പൊട്ടുകൾ രൂപപ്പെടുന്നു. ഈ പൊട്ടുകൾ വലുതായി പിന്നീട് നല്ല തവിട്ടുനിറമാകുന്നു. ഈ പാടുകളുടെ ചുറ്റിലും മഞ്ഞനിറമുള്ള വലയം ഉണ്ടായിരിക്കും. രോഗംബാധിച്ച ഇലകൾ വേഗം കൊഴിയുകയും ചെയ്യും. കഠിനമായ രോഗബാധയുണ്ടായാൽ ചെടികളുടെ കൂമ്പ് ഉണങ്ങി ഇലകൾ കൊഴിയും. പ്രഭാതസമയത്തുള്ള മൂടൽ മഞ്ഞും ഉയർന്ന ഈർപ്പവും പിന്നീട് പകൽസമയത്തെ ഉയർന്ന താപനിലയും രോഗബാധയ്ക്കും രോഗവ്യാപനത്തിനും കാരണമാകും. തളിരിലകൾ ഉണ്ടാകുന്ന സമയത്ത് മേൽപറഞ്ഞ അവസ്ഥയുണ്ടെങ്കിൽ മരങ്ങൾ പരിശോധിച്ച് രോഗം ബാധിച്ചിട്ടുണ്ടോ എന്ന് നോക്കണം.

2. ***റബ്ബർനഴ്സറിയിലും ചെറുമരങ്ങളിലും ഉണ്ടാകുന്ന പൊടിക്കുമിൾരോഗത്തെ എങ്ങനെ നിയന്ത്രിക്കാം?***

റബ്ബർനഴ്സറിയിലും ചെറുമരങ്ങളിലും പൊടിക്കുമിൾ രോഗത്തിനെതിരായി വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം (വെറ്റബിൾ സൾഫർ) 0.02 ശതമാനം വീര്യത്തിൽ (രണ്ടര ഗ്രാം ഗന്ധകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) തളിച്ചുകൊടുത്താൽ രോഗബാധ തടയാം. അല്ലെങ്കിൽ കാർബെൻഡാസിം എന്ന കുമിൾനാശിനി 0.05 ശതമാനം (ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ) ഉപയോഗിച്ചാലും രോഗബാധ ഫലപ്രദമായി നിയന്ത്രിക്കാം. രണ്ടാഴ്ച ഇടവേളയിൽ ഇവ മാറിമാറി തളിക്കുന്നതാണ് കൂടുതൽ ഫലപ്രദം.

3. ***ടാപ്പുചെയ്യുന്ന റബ്ബർതോട്ടങ്ങളിൽ ഗന്ധകപ്പൊടി അടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ടാപ്പുചെയ്യുന്ന റബ്ബർതോട്ടങ്ങളിൽ പൊടിക്കുമിൾ രോഗത്തിനെതിരെ ഗന്ധകപ്പൊടി (സൾഫർ) അടിക്കുന്നത് രോഗബാധ തടയുന്നതിന് ഫലപ്രദമാണ്. ഇതിനായി എഴുപത് ശതമാനം ഗന്ധകമടങ്ങിയ പൊടിയാണ് ഉപയോഗിക്കേണ്ടത്. നന്നായി ഉണക്കിയെടുത്തതും അന്തരീക്ഷത്തിൽ പെട്ടെന്ന് വ്യാപിക്കുന്ന തരത്തിലുള്ളതുമായ ഗന്ധകപ്പൊടി 325 മെഷ് വലിപ്പമുള്ള അരിപ്പയിൽ കൂടി കടന്നുപോകത്തക്ക വിധം നേർത്തതായിരിക്കണം. സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം തോട്ടങ്ങളിൽ പത്തുശതമാനം മരങ്ങൾ തളിരിടുമ്പോൾ മുതൽ ഇലകൾ മൂപ്പെത്തുന്നതുവരെ രണ്ടാഴ്ച ഇടവിട്ട് മൂന്ന് മുതൽ ആറ് വരെ തവണ ഗന്ധകപ്പൊടി അടിക്കേണ്ടതാണ്. വലിയ



ഇ. എഡ്വിൻ പ്രേം ചോദ്യങ്ങൾക്ക് മറുപടി പറയുന്നു



ബിജു ജോസഫ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

മരങ്ങളിൽ 'മൈക്രോൺ ഡസ്റ്റർ' ഉപയോഗിച്ച് ഗന്ധകപ്പൊടി അടിക്കുന്നതാണ് നല്ലത്. തോട്ടങ്ങളിൽ നാലു വരി ഇടവിട്ട് പൊടിയടിച്ചാൽ മതിയാകും. പൊടിയടിക്കുന്നത് അതിരാവിലെയാകുന്നതാണ് കൂടുതൽ ഫലപ്രദം. ആ സമയത്ത് കാറ്റില്ലാത്തതിനാലും ഇലകളിൽ മഞ്ഞ് വീണ് നനവുണ്ടായിരിക്കുമെന്നതിനാലും ഇലകളിൽ പൊടി നന്നായി പറ്റിപ്പിടിക്കും.

4. ***ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ ഉപയോഗിക്കുന്നതിന് എത്രത്തോളം ഗന്ധകപ്പൊടി ആവശ്യമായിവരും?***

ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ ഒരു പ്രാവശ്യം ഗന്ധകപ്പൊടി അടിക്കുന്നതിന് ഏകദേശം 11 മുതൽ 14 വരെ കിലോഗ്രാം ഗന്ധകപ്പൊടി ആവശ്യമാണ്.

5. ***കൊറിനിസ്പോറ രോഗത്തിനെതിരെ ചെയ്യാവുന്ന നിയന്ത്രണമാർഗങ്ങൾ എന്തൊക്കെയാണ്?***

*കൊറിനിസ്പോറ* രോഗത്തിനെതിരായി ഒന്നു മുതൽ നാലുവരെ വർഷം പ്രായമുള്ള റബ്ബർതൈകളിൽ വെള്ളത്തിൽ കലർത്തി തളിക്കാവുന്ന കുമിൾനാശിനികളായ മാങ്കോസെബ് (0.02 ശതമാനം), കാർബെൻഡാസിം (0.05 ശതമാനം), ബോർഡോമിശ്രം (ഒരു ശതമാനം) ഇവയിലേതെങ്കിലും ഒന്ന് രണ്ടാഴ്ചത്തെ ഇടവേളയിൽ തളിച്ചുകൊടുക്കേണ്ടതാണ്. അഞ്ചു വർഷത്തിനുമേൽ പ്രായമുള്ള മരങ്ങൾക്ക് *കൊറിനിസ്പോറ* രോഗത്തിനെതിരായി എണ്ണയിൽ കലർത്താവുന്ന ചെമ്പുകുമിൾനാശിനി ഉപയോഗിക്കുന്നതാണ് ഉത്തമം. ഇതിനായി കോപ്പർഓക്സിക്ലോറൈഡ് അഗ്രികൾച്ചറൽ സ്പ്രേഓയിലുമായി 1:5 എന്ന അനുപാതത്തിൽ കലർത്തി (ഒരു ഹെക്ടറിന് 40 ലിറ്റർ) 'മൈക്രോൺ സ്പ്രേയർ' (നാലുപേർ ചുമക്കുന്ന തരത്തിലുള്ളത്) ഉപയോഗിച്ച് വലിയ മരങ്ങളിലും 'മിസ്റ്റ് സ്പ്രേയർ' (ഒരാൾ ചുമക്കുന്ന തരത്തിലുള്ളത്) ഉപയോഗിച്ച് ഉയരം കുറഞ്ഞ മരങ്ങളിലും മരുന്നു തളിച്ച് രോഗപ്രതിരോധപ്രവർത്തനം നടത്തേണ്ടതാണ്.

## തേനീച്ചവളർത്തലും തേൻവിളവെടുപ്പും

1. ***തേനീച്ചവളർത്തലിലൂടെ ലഭിക്കുന്ന ഉത്പന്നങ്ങൾ എന്തെല്ലാമാണ്?***

തേനീച്ചവളർത്തലിൽ നിന്നുള്ള പ്രധാന ഉത്പന്നം തേനാണ്. കൂടാതെ മെഴുക്, പൂമ്പൊടി, തേനീച്ചവിഷം, പ്രൊപ്പോളിസ്, റോയൽ ജെല്ലി എന്നിവയാണ് മറ്റുത്പന്നങ്ങൾ.

2. ***തേൻ വിളവെടുപ്പിനുശേഷം സൂക്ഷിച്ചുവെയ്ക്കുമ്പോൾ തേനിന്റെ മുകളിൽ ചിലപ്പോൾ കറുത്തപാട രൂപപ്പെടുന്നത് എന്തുകൊണ്ടാണ്? എന്താണിത്? തേനിന്റെ ഗുണമേന്മയെ ഇത് ബാധിക്കുമോ?***

തേൻ ശേഖരിച്ചുവെച്ചിരുന്നാൽ മൂന്നുനാലു മാസം കഴിയുമ്പോൾ ഏറ്റവും മുകളിലായി ഒരു കറുത്ത പാട രൂപപ്പെടാറുണ്ട്. തേനിൽ അടങ്ങിയിട്ടുള്ള പൂമ്പൊടി, പൊടിയുടെ അംശങ്ങൾ, മറ്റ് മാലിന്യങ്ങൾ എന്നിവയെല്ലാം ചേർന്ന് ഒരു പാളിയായി മാറുന്നു. കറുപ്പുനിറമുള്ള ഇതിനെയാണ് 'ബ്ലാക്ക് ലെയർ' എന്നു പറയുന്നത്. 'തേൻ കറവൽ' എന്നും ഇതിന് വിളിപ്പേരുണ്ട്. വീപ്പകളിലെ തേൻകറവൽ മാറ്റി സംസ്കരിച്ചശേഷമാണ് തേൻ വിപണനം ചെയ്യുന്നത്.

3. ***കേരളത്തിലെ പ്രധാനപ്പെട്ട തേൻ സീസൺ ഏതെല്ലാമാണ്?***

റബ്ബർമരങ്ങളിൽ സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം വരുന്ന പുതിയ ഇലകൾ വിടർന്നതിനുശേഷം ഫെബ്രുവരി മുതൽ മാർച്ച് പകുതി വരെയും പുതുമഴ കഴിഞ്ഞ് രണ്ടാം തളിർപ്പ് വരുന്ന ഏപ്രിൽ മുതൽ മെയ് വരെയുമാണ് കേരളത്തിലെ പ്രധാന തേൻകാലം.

4. ***തേനീച്ചപ്പെട്ടികൾ വെയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

കൂടുതൽ വെയിലേൽക്കുന്ന സ്ഥലത്തോ ഈർപ്പം കൂടിയ സ്ഥലത്തോ കോളനികൾ സ്ഥാപിക്കരുത്. മൃഗങ്ങളുടെ സാന്നിധ്യമുള്ള സ്ഥലങ്ങളും ഒഴിവാക്കണം. കുട്ടികൾ കോളനികൾക്കടുത്ത് വരാതെ ശ്രദ്ധിക്കുകയും വേണം.

5. ***'ഹണി എക്സ്ട്രാക്ടർ' എന്നാൽ എന്താണെന്ന് വിശദീകരിക്കാമോ?***

തേനടയിൽ നിന്നും തേൻ വേർതിരിച്ചെടുക്കാൻ ഉപയോഗിക്കുന്ന ഒരു ഉപകരണമാണ് 'ഹണി എക്സ്ട്രാക്ടർ'. തേനടകൾ നശിപ്പിക്കാതെ തേൻ ശേഖരിക്കാൻ ഇത് ഉപകരിക്കുന്നു. ഇതുമൂലം ഇത്തരം തേനടകൾ വീണ്ടും ഉപയോഗിക്കാനും സാധിക്കുന്നു.

6. ***തേനീച്ചക്കോളനികളുടെ വിഭജനത്തിന് യോജിച്ച സമയമേതാണ്?***

സെപ്റ്റംബർ മുതൽ ഡിസംബർ വരെയാണ് തേനീച്ചക്കോളനികൾ വിഭജിക്കാൻ യോജിച്ച സമയം. കാലാവസ്ഥ അനുകൂലമായി വന്നാൽ ജൂലൈ മുതൽ തന്നെ വിഭജനം ആരംഭിക്കാം.

*7. എന്തുകൊണ്ടാണ് റാണിയീച്ചയെ പുതുക്കണമെന്ന് പറയുന്നത്? എപ്പോഴാണ് പുതുക്കേണ്ടത്?*

പ്രായം കൂടുന്നതിനനുസരിച്ച് ഉത്പാദനക്ഷമത കുറയുന്നതിനാലാണ് റാണിയെ പുതുക്കണമെന്ന് പറയുന്നത്. തേൻകാലത്തിന് മുമ്പായി റാണിയീച്ചയെ പുതുക്കണം. പഴയ റാണിയീച്ചയെ മാറ്റി പുതിയ റാണിസെൽ സ്ഥാപിച്ച് വിരിയിച്ചെടുത്താണ് ഇത് ചെയ്യുന്നത്.

*8. തേനിൽ പഞ്ചസാരത്തരിപോലെ രൂപപ്പെട്ടുവരുന്നത് എന്തുകൊണ്ടാണ്?*

ശുദ്ധമായ തേനിൽ കാലക്രമേണ സംഭവിക്കുന്ന ഒരു പ്രക്രിയയാണ് തേൻ കട്ടയാകൽ. (honey crystallisation). തേനിന്റെ ഗാഢത കൂടുന്നത്, ഫ്രക്റ്റോസ് ഗ്ലൂക്കോസ് അനുപാതം, തണുപ്പ് കൂടിയ സ്ഥലങ്ങളിൽ സൂക്ഷിക്കുന്നത് ഇവയെല്ലാം തേൻ ക്രിസ്റ്റലാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. അങ്ങനെ സംഭവിച്ചാൽ തേൻ വെയിൽ കൊള്ളിച്ചോ ഡബിൾബോയിലിങ് രീതിയിൽ വെള്ളത്തിൽ ഇറക്കിവെച്ച് നേരിയതോതിൽ ചൂടാക്കിയോ പഴയ അവസ്ഥയിലാക്കാൻ പറ്റും.

*9. തേനീച്ചവളർത്തലിന് ധനസഹായം ലഭ്യമാണോ?*

സംസ്ഥാനസർക്കാർ ഹോർട്ടികോർപ് മുഖേന തേനീച്ചവളർത്തലിന് ധനസഹായം നൽകുന്നുണ്ട്. സമീപത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയും.

തയ്യാറാക്കിയത്
**സ്റ്റീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**റബ്ബർതടിയുടെ വിപണനം**

റബ്ബർതടിയുടെ വിപണനസാധ്യതകളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2024 ഫെബ്രുവരി 14 ബുധനാഴ്ച രാവിലെ പത്തുമുതൽ ഉച്ചയ്ക്ക് ഒരുമണി വരെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിലെ ഡെപ്യൂട്ടി ഡയറക്ടർ ഇൻ-ചാർജ് (റബ്ബർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ട്രെയിനിങ്) ഉമാശങ്കർ ജി. മറുപടി പറയും.

**വേനൽകാലസംരക്ഷണം**

റബ്ബർതൈകൾക്ക് വേനൽകാലത്ത് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2024 ഫെബ്രുവരി 28 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## കാഞ്ഞങ്ങാട് റബ്ബേഴ്സ് ലിമിറ്റഡിന്റെ പുതിയ മേൽവിലാസം

**കാഞ്ഞങ്ങാട് റബ്ബേഴ്സ് ലിമിറ്റഡ്**

കുശവൻകുന്ന്, അജാനൂർ പി.ഒ., കാഞ്ഞങ്ങാട് - 671 531, കാസറഗോഡ് ജില്ല

**ഫോൺ : 9446565996**

## റബ്ബർമാസിക - പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ പുതുക്കിയ പരസ്യനിരക്കുകൾ
(5 ശതമാനം ജി.എസ്.റ്റി. സഹിതം) താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| ബാക്ക് കവർ (കളർ) | - | 13860 രൂപ |
| ഫ്രണ്ട് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| ബാക്ക് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| സെന്റർ സ്പ്രെഡ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 16800 രൂപ |
| ഇൻസൈഡ് ഫുൾപേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 8400 രൂപ |
| ഇൻസൈഡ് 1/2 പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 4200 രൂപ |
| ഇൻസൈഡ് 1/4 പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 2100 രൂപ |
| ഇൻസൈഡ് 1/8 പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 1313 രൂപ |




*പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 15-ാം തീയതിക്കകം നൽകേണ്ടതാണ്. എഡിറ്റർ, റബ്ബർമാസിക, കോട്ടയം-2 എന്ന വിലാസത്തിൽ അയച്ചുതരികയോ ppr@rubberboard.org.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം. പരസ്യത്തുക സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയോ റബ്ബർബോർഡിന്റെ കേന്ദ്രഓഫീസിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യാം.*

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2024 മാർച്ച് മാസത്തെ പരിശീലനപരിപാടികൾ

**1. റബ്ബർകൃഷി**
റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാല പരിശീലനം മാർച്ച് 11 മുതൽ 15 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗകീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് 2000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**2. തേനീച്ചവളർത്തൽ**
റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) മാർച്ച് 18-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



**3. ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം മാർച്ച് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**4. ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്**

വിവിധ തരത്തിലുള്ള ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം മാർച്ച് 22-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**5. സ്പ്രേയറുകൾ**

സ്പ്രേയറുകളുടെ ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള ഏകദിനപരിശീലനം (ഓൺലൈൻ) മാർച്ച് 26-ന് നടക്കും. റബ്ബർ കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). ▪

പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 0481 2353201 (വ്യവസായം), 0481 2351313 (കൃഷി) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# പടിയിറങ്ങിപ്പോയ നന്മയുടെ സുവിശേഷം

ഈയം പൂശുന്നവർ, കുട നന്നാക്കുന്നവർ, കല്ലു കൊത്തുന്നവർ, കസവുവാങ്ങാൻ എത്തുന്നവർ, പറങ്കിയണ്ടിയും പുളിങ്കുരുവും ചമ്പനും വയണപ്പൂവും കാഞ്ഞിരക്കുരുവും വാങ്ങാനായി ചേളാവുമായി വരുന്നവർ, കോഴിമുട്ട വാങ്ങാൻ കുട്ടയുമായി എത്തുന്നവർ, ചിരട്ടത്തവിയുമായി വരുന്നവർ – ഇങ്ങനെ നമ്മുടെ നിത്യജീവിതവുമായി ഇഴചേർന്ന് വീടുകളിലെത്തിയിരുന്നവരുടെ പട്ടിക പറഞ്ഞാൽ തീരില്ല. ഒരുകാലത്ത് നമ്മുടെ ഗ്രാമാന്തരീക്ഷത്തിൽ ഇവരുടെ വരവറിയിച്ചുകൊണ്ടുള്ള ശബ്ദസാന്നിധ്യം ഗ്രാമജീവിതതാളമായിരുന്നു. ഇങ്ങനെ എത്തുന്നവരിൽ പലരും കാലങ്ങളായി വീടുകളിൽ വന്നുപോകുന്നവരായതിനാൽ അപരിചിതത്വം തെല്ലുമില്ലാത്ത ഒരു ആത്മബന്ധമായി അത് നിലനിന്നുപോന്നിരുന്നു. കേവലം ക്രയവിക്രയം എന്നതിലുപരി ഗ്രാമീണജീവിതത്തിലെ പാരസ്പര്യത്തിന്റെയും സ്നേഹസൗഹൃദത്തിന്റെയും നൂലിഴകളിൽ കോർത്തെടുത്ത നന്മയുടെ സുവിശേഷം. ചാന്തും കൺമഷിയും കുപ്പിവളയും തുടങ്ങി 'ഉപ്പ് തൊട്ട് കർപ്പൂരം വരെ' എന്തും ഏതും ഓൺലൈനിൽ വീട്ടിലെത്തുന്ന ജീവിതവേഗം കൂടിയ ഈ പുതിയ കാലത്ത് ഇങ്ങനെയൊരു കാലത്തെക്കുറിച്ച് നമ്മുടെ കുട്ടികളോട് പറഞ്ഞാൽ അതൊരു കെട്ടുകഥയായേ അവർക്ക് തോന്നൂ.

'ഉപയോഗിക്കുക ഉപേക്ഷിക്കുക' എന്നതാണല്ലോ വർത്തമാനകാല ശീലം. ഓട്ടുപാത്രങ്ങളും പിത്തളപ്പാത്രങ്ങളും ഈയംപൂശി ഉപയോഗിക്കുന്ന രീതി തന്നെ പാടേ മാറി. ചെറിയൊരു തടിപ്പെട്ടിയിൽ പണി സാധനങ്ങളുമായി ഇടയ്ക്കിടെ വീടുകളിലെത്തി നവസാരവും വെളുത്തീയവും കൃത്യമായ അനുപാതത്തിൽ ചേർത്ത് ചൂടാക്കി പാത്രങ്ങളുടെയുള്ളിൽ തേച്ചുപിടിപ്പിച്ച് ഈയം പൂശിക്കഴിയുമ്പോൾ പാത്രങ്ങൾക്ക് നവീനഭാവം കൈവരികയായി. വീട്ടുമുറ്റത്ത് ഒരു താൽക്കാലിക ഉലയുണ്ടാക്കി കരി കത്തിച്ച് പാത്രങ്ങൾ ചൂടാക്കുകയും ഈയവും നവസാരവും ഉരുക്കിയെടുക്കുകയും അവ പാത്രത്തിനുള്ളിൽ തുണികൊണ്ട് കൃത്യമായി തേച്ചുപിടിപ്പിക്കുകയുമെല്ലാം ക്ഷണവേഗത്തിലാണ് നടക്കുക. കുട്ടികൾക്കാകട്ടെ അതൊരു കൗതുകക്കാഴ്ചയും!

കുട നന്നാക്കാനെത്തുന്നവരും പുതിയ ശീലയും കമ്പിയും പിടിയുമൊക്കെയായാണ് വരുന്നത്. എല്ലാ അറ്റകുറ്റങ്ങളും തീർത്ത് കുട പുതിയതാക്കി തിരിച്ചേൽപിക്കും. മൂന്നും നാലുമായി മടക്കി കീശയിൽ സൂക്ഷിക്കാൻ പാകത്തിലുള്ള നാനാജാതി രൂപഭാവങ്ങളുള്ള കുടകൾ വിപണി കീഴടക്കുമ്പോൾ അറ്റകുറ്റങ്ങൾപോക്കി എന്തിന് വെറുതെ കുട ദീർഘനാൾ ഉപയോഗിക്കുന്നു? അപ്പോൾ പിന്നെ കുട നന്നാക്കാനുണ്ടോ എന്ന ചോദ്യത്തിനെന്ത് പ്രസക്തി – കുടയുടെ അറ്റകുറ്റം തീർത്ത് ഉപജീവിച്ചിരുന്നവരും അങ്ങനെ അരങ്ങൊഴിഞ്ഞു.

ഒരുകാലത്ത് അരകല്ലും ആട്ടുകല്ലും തിരികല്ലും ഉരലും ഉലക്കയും മറ്റുമില്ലാത്ത വീടുകൾ ചുരുക്കമായിരുന്നു. പുതിയ വീടുവെച്ച് താമസമാകുമ്പോൾ പ്രഥമവും പ്രധാനവുമായി വാങ്ങിയിരുന്ന അടുക്കള ഉപകരണങ്ങളായിരുന്നു ഇവയൊക്കെയും. കരിങ്കല്ലുകൊണ്ടുണ്ടാക്കിയെടുത്തിരുന്ന ഇവയ്ക്ക് നിരന്തരമായ ഉപയോഗത്താൽ തേയ്മാനം വരികയും വർഷത്തിൽ ഒന്നും രണ്ടും പ്രാവശ്യം കല്ലുളി കൊണ്ട് കൊത്തി അരംവരുത്തി കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുമായിരുന്നു. കല്ലുളിയും ചുറ്റികയുമായി വീടുകളിലെത്തി ഇങ്ങനെ പണി ചെയ്ത് ജീവിച്ചിരുന്നവരും കാണാമറയത്തായി. 'കല്ലുകൊത്താനുണ്ടോ' എന്ന് ഉച്ചത്തിൽ വിളിച്ചു ചോദിച്ചു വന്നിരുന്നവരുടെയും കാലം കഴിഞ്ഞു. പല വലുപ്പത്തിലും വിവിധ ഉപയോഗസംവിധാനങ്ങളോടും കൂടിയ മിക്സിയും ഗ്രൈൻഡറും സാർവ്വത്രികമായപ്പോൾ കരിങ്കൽ നിർമ്മിതമായ അടുക്കളയിലെ ഈ പഴയ സഹയാത്രികർ പടിക്ക് പുറത്തായി. ഈ ലേഖകന്റെ വീട്ടിലെ പഴയ അരകല്ല് അതായത് അമ്മിക്കല്ല് പ്രായാധിക്യത്താൽ ഉൾവശം കുഴിഞ്ഞ ഒരു കൗതുകക്കാഴ്ചയായപ്പോൾ വാർണിഷ് അടിച്ച് അഴകുവരുത്തി വീടിന്റെ സിറ്റൗട്ടിൽ വെച്ച് അതിന്മേൽ ഒരു ചെടിച്ചട്ടി വെച്ചിരിക്കുകയാണ്! കല്ലുരൽ വാർണിഷ് ചെയ്ത് അതിന്മേൽ മൂന്ന് പതിറ്റാണ്ടിലേറെ വളർച്ചയെത്തിയ പേരാൽ വലിയൊരു പരന്ന ചട്ടിയിൽ കുള്ളനായി വളർന്നുനിൽക്കുന്നു! പോയകാല ജീവിതത്തിന്റെ അവിഭാജ്യതയായിരുന്ന അടുക്കളയുപകരണങ്ങളൊക്കെയും അങ്ങനെ അടുക്കളയിൽ നിന്ന് അരങ്ങിലെത്തിയിരിക്കുന്നു.

'കസവുണ്ടോ കസവ്' എന്ന് വിളിച്ചുചോദിച്ചുകൊണ്ട് ഒരു ഭാണ്ഡവും തോളിലേറ്റി ഇടയ്ക്കിടെ നമ്മുടെ നാട്ടിടവഴികളിലൂടെ ചിലർ കടന്നുവരുമായിരുന്നു. ഉപയോഗയോഗ്യമല്ലാത്ത വസ്ത്രങ്ങളിലെ കസവ് വില നൽകി വാങ്ങുന്നതിനായിട്ടാണ് ഇക്കൂട്ടർ ഇടയ്ക്കിടെ എത്തി

യിരുന്നത്. നമ്മുടെ പരമ്പരാഗത വസ്ത്രധാരണരീതിയും ശീലവുമെല്ലാം അപ്പാടെ മാറിയപ്പോൾ കസവുനേര്യതും കസവു വേഷ്ടിയുമെല്ലാം പരിമിതമായി. ചിങ്ങം പിറക്കുമ്പോഴോ ഓണത്തിനോ കേരളപ്പിറവിക്കോ മാത്രമായി ഈ കസവുവസ്ത്രങ്ങൾ ചുരുങ്ങിയപ്പോൾ 'കസവുണ്ടോ കസവ്' എന്ന് വിളിച്ചുചോദിച്ച് കടന്നുവന്നിരുന്ന കച്ചവടക്കാരുടെയും കഥ കഴിഞ്ഞു. മാത്രമല്ല എന്തെങ്കിലും വസ്ത്രങ്ങളിൽ ബാക്കിനിൽക്കുന്ന ഇത്തിരിയോളമുള്ള കസവ് സൂക്ഷിച്ചുവെച്ച് കാശാക്കാൻ ആർക്കാണ് നേരം?

ഇനി ചേളാവും കൈത്രാസ്സുമായി പറങ്കിയണ്ടിയും പുളിങ്കുരുവും ചമ്പനും വയണപ്പൂവും കാഞ്ഞിരക്കുരുവും മറ്റും വാങ്ങാനെത്തുന്ന ചെറുകിട കച്ചവടക്കാർ നാട്ടിൻപുറത്തിന് ചിരപരിചിതമായിരുന്നു. അക്കാലത്ത് മുതിർന്നവർ മാത്രമല്ല കൊച്ചുകുട്ടികൾ പോലും പറങ്കിയണ്ടിയും പുളിങ്കുരുവും കാഞ്ഞിരക്കുരുവും മറ്റും ശേഖരിച്ചു വച്ച് ഈ കച്ചവടക്കാർക്ക് നൽകി പണം സമ്പാദിച്ചിരുന്നു. കൃഷിയോടും പ്രകൃതിയോടും മണ്ണിനോടും സമരസപ്പെടുവാനും അണ്ണാറക്കണ്ണനും തന്നാലായത് കണക്കെ സമ്പാദ്യശീലം കുട്ടികളിൽ സന്നിവേശിക്കാനും വീട്ടുമുറ്റത്തെ ഈ ചെറുകിട കച്ചവടം സഹായകമായിരുന്നു. പക്ഷെ ഇന്നിതാ നാട്ടുനന്മയുള്ള ഈ കച്ചവടശീലവും കച്ചവടക്കാരും എന്നന്നേക്കുമായി പടിയിറങ്ങിപ്പോയി.

തലയിൽ കുട്ടയുമേന്തി മുട്ട വാങ്ങാൻ അടുക്കളമുറ്റത്തെത്തിയിരുന്ന മുട്ടക്കച്ചവടക്കാരെ ഒരു കാലത്ത് കേരളത്തിലെവിടെയും കാണാമായിരുന്നു. നാനാജാതി നാടൻകോഴികളെ അഴിച്ചുവിട്ട് വളർത്തുകയും ഇടയ്ക്കിടെ അടവെച്ചുവിരിയിച്ച് അവയുടെ സംഖ്യാബലം വർദ്ധിപ്പിക്കുകയും ചെയ്യാൻ വീട്ടമ്മമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മുട്ടക്കച്ചവടക്കാരിൽ നിന്ന് മുൻകൂർ പണംവാങ്ങി കാര്യനിവർത്തി വരുത്തിയിരുന്ന ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. വീട്ടമ്മമാർ ജാഗ്രതയോടെ ചെയ്തു പോന്നിരുന്ന കോഴി വളർത്തലും മുട്ടക്കച്ചവടവും അക്ഷരാർത്ഥത്തിൽ അടുക്കളമുറ്റത്തെ ബാങ്കിങ്ങായിരുന്നു. പക്ഷെ ജീവിതത്തിന് വല്ലാതെ സ്പീഡ് കൂടിയതിന്റെ ദുര്യോഗമെന്ന് പറയട്ടെ, ഒരു കാലത്ത് ഏറെ പുഷ്കലമായിരുന്ന ഈ കോഴിവളർത്തലും ഏറെക്കുറെ അന്യമായി. അതുകൊണ്ടുതന്നെ ഗ്രാമഗ്രാമാന്തരങ്ങളിലെ നിത്യസാന്നിധ്യമായിരുന്ന മുട്ടക്കച്ചവടക്കാരും അന്യമായി.

ഇടയ്ക്കിടെ ചിരട്ടത്തവി വിൽക്കാനായി വീടുകളിൽ എത്തിയിരുന്ന മരപ്പണിക്കാരെക്കുറിച്ചുകൂടി ഓർക്കാതെ വയ്യ! ഓണവും വിഷുവുമടക്കം വിശേഷാവസരങ്ങളിലെല്ലാം നാളികേരത്തിന്റെ ചിരട്ട കോട്ടി കമുകിന്റെ അലകിൽ ഉറപ്പിച്ച് ചെറുതും വലുതുമായ നാനാതരം ചിരട്ടത്തവികളുമായി മരപ്പണിക്കാർ എത്തുമായിരുന്നു. അടുക്കളയുടെ സ്പന്ദനമായി എന്നും വിളമ്പി നൽകാൻ ഉപയോഗിച്ചിരുന്ന ചിരട്ടത്തവികൾ കാഴ്ചവസ്തുക്കളായി ഇപ്പോൾ പ്രദർശനമേളകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ശരിക്കും പ്രകൃതിയുടെ മിശ്രണമാണ് ചിരട്ടത്തവികൾ. കല്പവൃക്ഷത്തിന്റെ ഉദാരകാരുണ്യമായ ചിരട്ടയും കമുകിന്റെ നന്നായി വിളഞ്ഞുണങ്ങിയ തടി അതായത് അലക് ഇവ രണ്ടും ഒപ്പം ഒരു മരപ്പണിക്കാരന്റെ അദ്ധ്വാനമായ കരവിരുതും കൂടി സമന്വയിക്കുമ്പോൾ ചിരട്ടത്തവി റെഡി!

നോക്കൂ! ഈ പറഞ്ഞവയിലെല്ലാം നാട്ടുനന്മയുടെയും പാരിസ്ഥിതികമേന്മയുടേയും പരാഗരേണുക്കൾ പതിഞ്ഞിട്ടുണ്ടായിരുന്നു. അമ്മിക്കല്ലിലും അരകല്ലിലും കല്ലുരലിലും ഭക്ഷ്യക്കൂട്ടുകളും ഭക്ഷ്യവിഭവങ്ങളും അരച്ചെടുക്കുമ്പോൾ കരിങ്കല്ലിന്റെ ഒരംശം കൂടി അതിൽ അരഞ്ഞുചേരുകയാണ്. മണ്ണിൽ ഉൾച്ചേർന്നിട്ടുള്ള മനുഷ്യശരീരത്തിനാവശ്യമായ സൂക്ഷ്മമൂലകങ്ങളും ധാതുക്കളും നാമറിയാതെ ആവശ്യാധിഷ്ഠിതമായി ഇങ്ങനെ നമുക്ക് ലഭിക്കുകയായിരുന്നു. എന്നാൽ മിക്സിയിലേക്ക് ചുവടുമാറ്റിയപ്പോൾ ഇവയൊന്നും ലഭിക്കുന്നില്ലെന്ന് മാത്രമല്ല മിക്സി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന ഉയർന്ന താപത്താൽ അരച്ചെടുക്കുന്ന ഭക്ഷ്യക്കൂട്ടുകളുടെ സ്വാഭാവികഗുണങ്ങൾ ചെറിയൊരളവ് നഷ്ടമാവുകയും ചെയ്യുന്നു. ശരീരത്തിന് അത്യന്താപേക്ഷിതമായ ഇരുമ്പ്, സിങ്ക്, സോഡിയം തുടങ്ങിയവയൊക്കെ ഗുളികകളായി നാമിപ്പോൾ മരുന്നുകടകളിൽ നിന്ന് വില കൊടുത്തു വാങ്ങുകയാണ്. ചിരട്ട കത്തിച്ചു കിട്ടുന്ന ആക്ടിവേറ്റഡ് കാർബണായ ചിരട്ടക്കരിയുടെ വ്യാവസായിക പ്രാധാന്യം നമുക്കറിയാം. എന്തായാലും ചിരട്ട ചില്ലറക്കാരനല്ല. അത് അനുഭവത്തിലൂടെ മനസ്സിലാക്കിയാകാം മുമ്പ് ദേഹണ്ണക്കാർ സദ്യയൊരുക്കുമ്പോൾ ഓരോ വിഭവങ്ങൾക്കും ഓരോ ചിരട്ടത്തവി ഉപയോഗിച്ചിരുന്നു. ചുടുപ്രഥമൻ അതായത് പായസം ഇളക്കിക്കോരിയെടുക്കാൻ വലിയ കുടുവൻ ചിരട്ടത്തവി തന്നെ ഉപയോഗിച്ചിരുന്നു.

ഈ വീട്ടുപകരണങ്ങളും ഇവയിൽ പലതും അറ്റകുറ്റം തീർത്ത് പുതിയതാക്കി തരുന്നവരും ജീവിതപരിസരത്ത് നിരന്തരം വന്നുപോയിരുന്ന ചെറുകച്ചവടക്കാരും വീണ്ടും തിരിച്ചുവരണമെന്നാഗ്രഹിക്കുന്നത് മൗഢ്യമാണ്. ചന്ദ്രനിൽ ഷോപ്പിങ്മാൾ പണിയാൻ കഴിയുമോ?, എക്കോ ടൂറിസത്തിന് സാദ്ധ്യയുണ്ടോ എന്നെല്ലാം ആരായുംവിധത്തിൽ ശാസ്ത്ര സാങ്കേതികരംഗം വികാസം പ്രാപിച്ച കാലത്ത് ഇങ്ങനെയൊരു ഭൂതകാല സ്മരണ പോലും ചിലർക്കെങ്കിലും അരോചകമായി തോന്നാം. പക്ഷെ വെറുതെ ഈ മോഹങ്ങളെന്നറിയുമ്പോഴും വെറുതെ മോഹിക്കുവാൻ മോഹം. പോയകാല ജീവിതം എത്ര ലാളിത്യമുള്ളതായിരുന്നു, എത്രകണ്ട് വീണ്ടുവിചാരവും കരുതലുമുള്ളതായിരുന്നു എന്ന് വെറുതെയെങ്കിലും ഒന്ന് ഓർമിക്കുവാനൊരു മോഹം! •

## ടാപ്പിങ് സ്കിൽ ഡെവലപ്മെന്റ് സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റി

റബ്ബർബോർഡിന്റെ പുനലൂർ റീജിയണൽ ഓഫീസ് പരിധിയിൽ ആയൂരിൽ പ്രവർത്തിച്ചിരുന്ന റബ്ബർ ടാപ്പിങ് സ്കിൽ ഡെവലപ്മെന്റ് സ്കൂൾ മാവിള ജംഗ്ഷന് സമീപമുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

പുതിയ മേൽവിലാസം :
**ടാപ്പേഴ്സ് സ്കിൽ ഡെവലപ്മെന്റ് സ്കൂൾ**
**മാവിള, അരിപ്ലാച്ചി പി.ഒ., കൊല്ലം, പിൻ-691 333**

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2024 ജനുവരി 1 | 15550 | 15200 | 11095 | 15550 | 15200 | അവധി | അവധി |
| 2024 ജനുവരി 2 | 15550 | 15250 | 11095 | 15550 | 15250 | 15304 | 15231 |
| 2024 ജനുവരി 3 | 15550 | 15250 | 11095 | 15550 | 15250 | 15339 | 15266 |
| 2024 ജനുവരി 4 | 15550 | 15250 | 11095 | 15550 | 15250 | 15416 | 15343 |
| 2024 ജനുവരി 5 | 15550 | 15250 | 11150 | 15550 | 15250 | 15307 | 15234 |
| 2024 ജനുവരി 6 | 15600 | 15250 | അവധി | 15600 | 15250 | അവധി | അവധി |
| 2024 ജനുവരി 7 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ജനുവരി 8 | 15600 | 15250 | 11355 | 15600 | 15250 | 15160 | 15087 |
| 2024 ജനുവരി 9 | 15600 | 15250 | 11360 | 15600 | 15250 | 14956 | 14884 |
| 2024 ജനുവരി 10 | 15600 | 15250 | 11410 | 15600 | 15250 | 14981 | 14910 |
| 2024 ജനുവരി 11 | 15650 | 15300 | 11410 | 15650 | 15300 | 15208 | 15137 |
| 2024 ജനുവരി 12 | 15750 | 15350 | 11465 | 15750 | 15350 | 15536 | 15465 |
| 2024 ജനുവരി 13 | 15750 | 15400 | അവധി | 15750 | 15400 | അവധി | അവധി |
| 2024 ജനുവരി 14 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ജനുവരി 15 | 15900 | 15450 | 11520 | 15900 | 15450 | 16128 | 16057 |
| 2024 ജനുവരി 16 | 16000 | 15550 | 11570 | 16000 | 15550 | 16305 | 16234 |
| 2024 ജനുവരി 17 | 16000 | 15600 | 11570 | 16000 | 15600 | 16226 | 16155 |
| 2024 ജനുവരി 18 | 16000 | 15600 | 11570 | 16000 | 15600 | 16180 | 16110 |
| 2024 ജനുവരി 19 | 16000 | 15650 | 11570 | 16000 | 15650 | 16256 | 16186 |
| 2024 ജനുവരി 20 | 16050 | 15650 | അവധി | 16050 | 15650 | അവധി | അവധി |
| 2024 ജനുവരി 21 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ജനുവരി 22 | 16100 | 15750 | 11625 | 16100 | 15750 | 16525 | 16455 |
| 2024 ജനുവരി 23 | 16150 | 15750 | 11625 | 16150 | 15750 | 16539 | 16469 |
| 2024 ജനുവരി 24 | 16200 | 15850 | 11730 | 16200 | 15850 | 16852 | 16782 |
| 2024 ജനുവരി 25 | 16300 | 15900 | 11940 | 16300 | 15900 | 17199 | 17129 |
| 2024 ജനുവരി 26 | അവധി | അവധി | അവധി | അവധി | അവധി | 17651 | 17582 |
| 2024 ജനുവരി 27 | 16400 | 16000 | അവധി | 16400 | 16000 | അവധി | അവധി |
| 2024 ജനുവരി 28 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2024 ജനുവരി 29 | 16400 | 16000 | 11995 | 16400 | 16000 | 17848 | 17779 |
| 2024 ജനുവരി 30 | 16450 | 16000 | 12045 | 16450 | 16000 | 18130 | 18060 |
| 2024 ജനുവരി 31 | 16500 | 16000 | 12045 | 16500 | 16000 | 18391 | 18320 |
| ശരാശരി | 15913 | 15538 | 11511 | 15913 | 15538 | 16247 | 16176 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല - പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഒക്ടോബർ 2023 | ഒക്ടോബർ 2022 | ഏപ്രിൽ 2023 മുതൽ ഒക്ടോബർ 2023 വരെ | ഏപ്രിൽ 2022 മുതൽ ഒക്ടോബർ 2022 വരെ | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/(-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 51030 | 60200 | 268700 | 264130 | 541195 | |
| ബ്ലോക്കുറബ്ബർ | 17100 | 14750 | 99920 | 92460 | 172710 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8700 | 9200 | 54320 | 57330 | 104115 | |
| മറ്റുള്ളവ | 2170 | 1850 | 12060 | 11080 | 20980 | |
| ആകെ | 79000 | 86000 | 435000 | 425000 | 839000 | 2.4 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 49305 | 43375 | 330380 | 320865 | 559335 | |
| ബ്ലോക്കുറബ്ബർ | 57860 | 50750 | 425410 | 393135 | 658550 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8875 | 8250 | 61260 | 54795 | 100190 | |
| മറ്റുള്ളവ | 2960 | 2625 | 19950 | 19205 | 31925 | |
| ആകെ | 119000 | 105000 | 837000 | 788000 | 1350000 | 6.2 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 78816 | 73989 | 561751 | 558835 | 948395 | 0.5 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 39382 | 50023 | 293869 | 331615 | 528677 | |
| കയറ്റുമതി (p) | 181 | 66 | 1872 | 1571 | 3700 | |
| **2023 ഒക്ടോബർ അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | 104000 | | ഷീറ്റുറബ്ബർ | | | 217370 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 108000 | | ബ്ലോക്കുറബ്ബർ | | | 54380 |
| ടയർനിർമ്മാതാക്കൾ (c) | 75000 | | റബ്ബർപാൽ (ഡി. ആർ. സി.) | | | 26300 |
| മറ്റു വ്യവസായികൾ | 36000 | | മറ്റുള്ളവ | | | 24950 |
| ആകെ | 323000 | | ആകെ | | | 323000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.


*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*



ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്






IRM 2024

**Registration fee***

| | INDIAN DELEGATES | | OVERSEAS DELEGATES |
|---|---|---|---|
| | Small growers# | Others | |
| Registration upto 21 February 2024 | **Rs. 4,130** *(Rs. 3,500 + GST @ 18 per cent)* | **Rs. 8,850** *(Rs. 7,500 + GST @ 18 per cent)* | **US$ 236** *(US$ 200 + GST @ 18 per cent)* |
| Spot registration at the venue | No spot registration | **Rs. 11,800** *(Rs. 10,000 + GST @ 18 per cent)* | **US$ 295** *(US$ 250 + GST @ 18 per cent)* |

(*Registration fee does not include travel and accommodation;
# To be applied through and certified by the Rubber Board Regional Office concerned.)

VENUE
Hotel
Kiranshree Grand
Guwahati, Assam

DATE
23 and 24
February 2024

**RGANISERS** | The Rubber Board (Ministry of Commerce & Industry, Govt. of India) | All India Rubber Industries Association (AIRIA) | ssociation of Latex Producers of India (ALPI) | Automotive Tyre Manufacturers Association (ATMA) | Block Rubber Processors Association f India (IBRPA) | GRP Ltd. | Harrisons Malayalam Ltd. | Indian Cycle and Rikshaw Tyre Manufacturers Association (ICRTMA) | Indian Rubber ealers Federation (IRDF) | Indian Rubber Institute (IRI) | Indian Rubber Manufacturers Research Association (IRMRA) | Reliance Industries td. | Rubber, Chemical & Petrochemical Skill Development Council (RCPSDC) | The Cochin Rubber Merchants Association (CRMA) | nited Planters Association of Southern India (UPASI) |

or correspondence: **India Rubber Meet Forum** (Reg. No. KTM/TC/282/2019), Rubber Board, Keezhukunnu, Sub Jail Road ottayam-686 002, Kerala, India. Ph: 91-481-2301231 (Extn.307), Email: indiarubbermeet@gmail.com • **www.indiarubbermeet.in**

RUBBER MONTHLY (MALAYALAM)
Published on 11 February 2024
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad